


**വിശ്വസ്നേഹദർശനം**
**ത്രൈമാസിക**
**ഉലുവത്ത് വേലിയിൽ ബിൽഡിംഗ്സ്**
**മറ്റം സൗത്ത്, തട്ടാരമ്പലം പി. ഒ.**
**മാവേലിക്കര – 3**

എഡിറ്റോറിയൽ ഓഫീസ്
**വിശ്വസ്നേഹദർശനം**
ഉളനാട് പി.ഒ., കുളനട വഴി
പത്തനംതിട്ട ജില്ല
കേരളം 689 503
ഫോൺ: 94475 82827
E-mail: snehdarsan@gmail.com

മാനേജിംഗ് ഡയറക്ടർ
**സി. കെ. അലക്സാണ്ടർ**

മാനേജിംഗ് എഡിറ്റർ
**അഡ്വ. അലക്സാണ്ടർ വി. മാത്യു**

എഡിറ്റോറിയൽ അഡ്വൈസർ
**ലെജു പി. തോമസ്**

എഡിറ്റർ
**പ്രീത് ചന്ദനപ്പള്ളി**

സബ് എഡിറ്റർ
**രജോയ് എം. രാജൻ**
എഡിറ്റോറിയൽ അസിസ്റ്റന്റ്
**സിജോ ചാക്കോ**

സർക്കുലേഷൻ മാനേജർ
**ബിലിൻ സൂസൻ തോമസ്**

കവർ ഡിസൈൻ & ലേഔട്ട്
**ഷൈജ ഓമനക്കുട്ടൻ**

**ദീപ്തി ഓഫ്സെറ്റ്, കൊടുമൺ**
Ph: 04734 - 285418.



2010 ജനുവരി - മാർച്ച്
1185 കുംഭം - മേടം
പുസ്തകം 10 ലക്കം 1


# വിശ്വസ്നേഹദർശനം
**ത്രൈമാസിക**


**കോപ്റ്റിക്-എത്യോപ്യൻ ഉടമ്പടി: മലങ്കരസഭാ സമാധാനത്തിന് മാതൃക** 10
ഡോ. തോമസ് മാർ അത്താനാസിയോസ്

14 **ഐക്യമോ വിഭജനമോ ?**
ഫാ. ഡോ. കെ. എം. ജോർജ്ജ്

**മലങ്കര എത്യോപ്യൻ സഭകൾ** 17
എം. കുര്യൻ തോമസ്/വർഗീസ് ജോൺ

18 **മലങ്കര സഭാ സമാധാനം : ഒരു ആഗോള വീക്ഷണം**
ജോർജ്ജ് അലക്സാണ്ടർ

**മലങ്കര സഭയുടെ ഐക്യത്തിന് ചില നിർദ്ദേശങ്ങൾ** 20

28 **മെത്രാൻ കായലിൽ മെത്രാൻ കൃഷി**
ഇട്ടുപ്പ് കെ. ഇട്ടൂപ്പ് റൈറ്റർ

**ചായൽ മൊട്ട മൂവായിരം** 34
ഡോ. എം. കുര്യൻ തോമസ്

യാക്കോബിന്റെ യാത്രകൾ ◆ ബാലദർശനം ◆ ധ്യാനം




## കത്തുകൾ




### അടിസ്ഥാന വിശ്വാസത്തെ വെല്ലുവിളിക്കുമ്പോൾ

മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരു കുടുംബത്തിൽ ജനിച്ചുവളർന്ന ഒരു അത്മയക്കാരന്റെ പ്രതികരണ മാണിത്. പത്രാധിപക്കുറിപ്പിലെ ഒരു വാചകവും സുവിശേഷങ്ങൾ വേദാന്തിയുടെ ദൃഷ്ടിയിൽ എന്ന മുനി നാരായണ പ്രസാദിന്റെ പുസ്തകത്തെ ക്കുറിച്ചുള്ള മുഖലേഖനങ്ങളുമാണ് കത്തിന് ആധാരം.

പത്രാധിപക്കുറിപ്പിലെ ആദ്യ ഖണ്ഡി കയിൽ പറയുന്നു. “ എന്റെ വഴി മാത്രം ശരിയെന്നു പറയുമ്പോഴാണ് അസഹി ഷ്ണുതയുടെ വിത്തുകൾ ബീജാ പാപം ചെയ്യുന്നത്.”

യേശു ക്രിസ്തു ദൈവപുത്രനാണ്. ഏകരക്ഷകനാണ് ക്രിസ്തു. ത്രിയേക ദൈവസ്വരൂപമുണ്ട് പിതാവ്, പുത്രൻ, പരിശുദ്ധ റൂഹ. പുത്രനിലൂടെ മാത്രമേ ആരും പിതാവിൽ എത്തിച്ചേരൂ. മനു ഷ്യവർഗത്തിന്റെ വീണ്ടെടുപ്പിനായി മനുഷ്യനായി ജന്മമെടുത്ത ദൈവപ ത്രനാണ് ക്രിസ്തു. ജീവൻ കൊടു ക്കാനും വീണ്ടും പ്രാപിക്കാനും ക്രിസ്തുവിനു അവകാശമുണ്ട്. അതു പിതാവിൽ നിന്നു പുത്രനു ലഭിച്ച കൽപന (വി.യോഹന്നാൻ 10-11-13) ക്രിസ്തുവിന്റെ രണ്ടാം വരവുണ്ടാകും. സകലതും പൂർത്തിയാക്കി തികയ്ക്കു ന്നതു പരിശുദ്ധ റൂഹാ എന്ന ത്രിത്വ ത്തിലെ അരൂപി. ഇതൊക്കെ അടി സ്ഥാന ക്രൈസ്തവ വിശ്വാസം. ക്രിസ്ത്യാനികൾക്ക് ആർക്കെങ്കിലും അയാൾ മെത്രാനോ വൈദീകനോ പണ്ഡിതനോ പാമരനോ പത്രാധി പരോ ആരായാലും ഇക്കാര്യങ്ങളിൽ സംശയമുണ്ടെങ്കിൽ അവർ യഥാർത്ഥ ക്രിസ്തുവിശ്വാസികളല്ല എന്നാ ണർത്ഥം.

ഭാരതീയ ദർശന പാരമ്പര്യത്തിന്റെ വ്യാഖ്യാന വ്യാപ്തി ഏതുതരം മത സങ്കൽപങ്ങളെയും അതിന്റെ ഉള്ളിലാ ക്കാൻ ശേഷിയുള്ളതാണ് എന്ന് നാം ഓർക്കണം........ഭാരതീയ ക്രിസ്ത്യാനി കൾക്ക് തള്ളാനോ കൊള്ളാനോ അത്ര എളുപ്പമല്ല” എന്ന് ഫാ. ഡോ.കെ.എം. ജോർജ്ജ് പറയുന്നു.

ഭാരതീയ ദർശന പാരമ്പര്യത്തിൽ ക്രിസ്തുവിനെയും സുവിശേഷ ത്തെയും വ്യാഖ്യാനിച്ച ആദ്യ ഹിന്ദു സന്യാസിയൊന്നുമല്ലല്ലോ മുനിനാരാ യണ പ്രസാദ്. സ്വാമിവിവേകാനന്ദനും വിദ്യാധിരാജയും(ചട്ടമ്പി സ്വാമി) ശ്രീ. രംഗനാഥാനന്ദ സ്വാമിയും മുതൽ എത്രയോ പേർ സമാനരീതിയിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. എല്ലാവരുടെയും അഭിപ്രായം, വ്യാഖ്യാനം സമാനമല്ലേ?

ക്രിസ്തുവിനെ ഒരു സദ്ഗുരു, സാമൂ ഹിക പരിഷ്കർത്താവ് എന്നീ നിലക ളിൽ അംഗീകരിക്കുന്നു. ആദരിക്കുന്നു. ദൈവപുത്രനാണെന്ന് അംഗീകരിക്കാ നാവില്ല.....

ക്രൈസ്തവർക്ക് സമ്മതിക്കാവുന്ന താണോ ഈ വ്യാഖ്യാനം? അതു തള്ളി ക്കളയാൻ ഒരു സത്യക്രിസ്ത്യാനിക്കും ബുദ്ധിമുട്ടുണ്ടാവില്ല. പൊതുവേദികളി ൽ കയ്യടി പ്രതീക്ഷിക്കുന്ന ക്രൈസ്ത വ പണ്ഡിതർക്കും നേതാക്കൾക്കും ബുദ്ധിമുട്ടുണ്ടായേക്കാം.

ക്രിസ്തുവിന്റെ പുനരുത്ഥാനം മുനിനാ രായണ പ്രസാദിന് ഒരു പ്രതീകം മാത്ര മാണ്. ജ്ഞാനോദയം സിദ്ധിച്ച ഒരു സാധകന്റെ ബ്രഹ്മസാക്ഷാത്കാരം ക്രൈസ്തവ വിശ്വാസിക്ക് ഇത് എങ്ങ നെഅംഗീകരിക്കാനാവും? ജഡത്തിൽ ഉയിർത്ത് ശിഷ്യർക്ക് പലതവണ പ്രത്യ ക്ഷപ്പെട്ട് ഉപദേശങ്ങൾ നൽകിയശേഷം സ്വർഗാരോഹണം ചെയ്ത ക്രിസ്തുവി ലല്ലേ നമ്മുടെ പ്രത്യാശ? ഏക രക്ഷ കൻ ക്രിസ്തുവാണ് എന്ന അടിസ്ഥാന വിശ്വാസത്തിൽ വളർന്ന ഒരു തലമുറ, എപ്പിസ്കോപ്പൽ സഭകളിലെ സാധാ രണക്കാരായ ക്രൈസ്തവ വിശ്വാസി കൾ ഇന്ന് അമ്പരന്നു നിൽക്കുകയാ ണ്. അവരുടെ നേതാക്കൾ-മെത്രാ ന്മാരും പട്ടക്കാരും മതസൗഹാർദ വേദി കളിൽ നടത്തുന്ന പ്രഭാഷണങ്ങൾ കേട്ടും പ്രസിദ്ധീകരണങ്ങളിൽ എഴു തുന്ന ലേഖനങ്ങൾ വായിച്ചും, അടി സ്ഥാന വിശ്വാസം മറച്ചുവെച്ച് നേതാ ക്കൾ സംസാരിക്കുമ്പോൾ ചിന്താക്കു ഴപ്പത്തിലാവുന്ന അനുയായികൾ ഏക രക്ഷകൻ ക്രിസ്തു എന്ന് അസന്ദിഗ്ധ മായി ഉദ്ഘോഷിക്കുന്ന പ്രൊട്ടസ്റ്റന്റ് സഭകളിലേക്കും വഴിതെറ്റി ആൾദൈവ കൂട്ടായ്മകളിലേക്കും ഒഴുകുന്നു. നൂറ്റാണ്ടു പിന്നിട്ട അക്കപ്പോരു തുടരു ന്ന യാക്കോബായ ഓർത്തഡോക്സ് സഭകളിലെ നേതാക്കൾക്ക് ഇതൊക്കെ ശ്രദ്ധിക്കാൻ എവിടെ സമയം? നാടാ റുമാസം മാത്രമാണല്ലോ അവർ ഈ ഠ വട്ടത്തിൽ ചാത്തന്നൂർ മുതൽ കുന്നം കുളം വരെ മലങ്കര മക്കൾ തിങ്ങി പ്പാർക്കുന്ന ഇടങ്ങളിൽ.

ചട്ടമ്പിസ്വാമി അന്തരിച്ചപ്പോൾ ശ്രീനാ രായണ ഗുരു എഴുതിയ ശ്ലോകഭാഗം ഫാ. ജോർജ്ജ് ഉദ്ധരിക്കുന്നുണ്ട്. *ക്രിസ്തുമതഛേദനം* എന്ന ഗ്രന്ഥം എഴുതിയത് ചട്ടമ്പി സ്വാമിയാണ്. നികൃ ഷ്ടമായ ഭാഷയിൽ യേശുവിന്റെ ദൈവ ത്വത്തെ ചോദ്യം ചെയ്യുകയും അധി ക്ഷേപിക്കുകയും ചെയ്ത അദ്ദേഹ ത്തിന്റെ അഭിപ്രായത്തിൽ കേരളം നായ ന്മാരുടെ നാടാണ്. ശൂദ്രരുടെ ലോകം. ക്രൈസ്തവരും മുസ്ലീംങ്ങളും മാത്രമ ല്ല, ഹൈന്ദവ ചാതുർവർണ്യ വ്യവസ്ഥ യിലെ അഗ്രഗാമികളായ ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും(ഇങ്ങനെ യൊരു കൂട്ടർ ഇവിടെയില്ല) പിന്നാക്ക ക്കാരായ ഈഴവരും (കേരള ജനസം ഖ്യയിൽ 25%) വിശ്വകർമ്മജരും എഴു ത്തച്ഛന്മാരും ധീവരരും നാടാരും ദലി തരും ആദിവാസികളും എല്ലാം ഈ നാട്ടിൽ കഴിയുന്നത് നായരുടെ ഔദാര്യം കൊണ്ടാണ്.

അതേ സമയം ശ്രീനാരായണഗുരു വിന്റെ സന്ദേശം സമത്വത്തിന്റെയും സാഹോദര്യത്തിന്റേതുമായിരുന്നു. *ക്രിസ്തുമതഛേദനം* വായിച്ചിട്ടില്ലാത്ത ആരെങ്കിലും ചട്ടമ്പി സ്വാമിയെപ്പറ്റി എഴുതിയാൽ ക്ഷന്തവ്യം. പക്ഷേ ഈ വാക്കുകൾ ഉദ്ധരിച്ചത് പണ്ഡിതനായ ഫാ.കെ.എം.ജോർജ്ജാണ്. മെത്രാ ന്മാർക്കും അച്ചന്മാർക്കും ചട്ടമ്പി സ്വാമി ആരെന്ന് മനസിലാക്കാത്തവർക്കും അദ്ദേഹത്തിന്റ ജയന്തി സമ്മേളനങ്ങ ളിൽ പോയി പ്രസംഗിക്കാം. ലോകാ സമസ്താ സുഖിനോ ഭവന്തു( ഈ ശ്ലോകത്തിന്റെ ആദ്യ വരികൾ ഒന്നു വായിച്ചു മനസിലാക്കുന്നത് കൊള്ളാം. ശരിക്കു മനസിലാക്കിയാൽ പിന്നെ ഉദ്ധരിക്കില്ല. ഉദ്ധരിക്കാനാവില്ല) എന്നൊക്കെ തട്ടിവിടാം. ഒരു ചോദ്യം കൂടി ക്രൈസ്തവ പിതാക്കന്മാരോടും വേദശാസ്ത്ര പണ്ഡിതരോടും ഉന്ന യിച്ച് കത്തു ചുരുക്കുന്നു.

എല്ലാ മതത്തിലും രക്ഷയുടെ വാഗ്ദാനം ഉണ്ടെങ്കിൽ പിന്നെ സുവി ശേഷ ഘോഷണത്തിന് എന്താണ് പ്രസക്തി? സങ്കുചിത ക്രൈസ്തവ ചിന്തയാണിതെന്ന് ഉപരിപ്ലവമായി പറഞ്ഞ് ആർക്കും തള്ളാം. പക്ഷേ അതു വേദപുസ്തകാധിഷ്ഠിതമാവില്ല. വേദപുസ്തകത്തെയും ക്രിസ്തുവി നെയും തള്ളിപ്പറയുന്നതിനു തുല്യ മാവും അത്.

**ജേക്കബ് ഈപ്പൻ**
**പുതുപ്പള്ളി**

# സ്നേഹദർശന ചിന്തകൾ

**ഒ**രു ക്രൈസ്തവ സഭയെന്ന നിലയിൽ അതിന്റേതായ സാക്ഷ്യം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാവുകയാണ് മലങ്കരയിലെ ഓർത്തഡോക്സ് ക്രൈസ്തവർ. ഇരുവിഭാഗമായി (സിറിയൻ ഓർത്തഡോക്സ് സഭാ പാത്രിയർക്കീസിനെ തലവനായി അംഗീകരിക്കുന്ന ഒരു വിഭാഗവും ഇന്ത്യയിലെ കാതോലിക്കായെ സഭാതലവനായി അംഗീകരിക്കുന്ന മറുവിഭാഗവും) നിലകൊള്ളുന്ന ഈ ക്രൈസ്തവ സമൂഹത്തിന് അടിസ്ഥാനവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും ഭാഷയും സംസ്കാരവും എല്ലാം ഒന്നുതന്നെയാണ്. എങ്കിലും ആജന്മ ശത്രുക്കളെപ്പോലെ ഇവർ പരസ്പരം പോരടിക്കുകയും വിദ്വേഷത്തിന്റെയും കലാപത്തിന്റെയും പുതിയ പുതിയ 'വേദശാസ്ത്ര'ങ്ങൾക്കു കോപ്പുകൂട്ടുകയും ചെയ്യുന്ന വർത്തമാനകാല കാഴ്ചയാണ് നമ്മൾ കാണുന്നത്. ലോകത്തിന്റെ ഉപ്പും വെളിച്ചവുമായ യേശുക്രിസ്തുവിന്റെ അനുഗാമികളായ, രണ്ടായിരം വർഷത്തെ പാരമ്പര്യം ഘോരഘോരം ഉദ്ഘോഷിക്കുന്നവർ എന്തു ക്രൈസ്തവ സാക്ഷ്യമാണ് ലോകത്തിനു നൽകുന്നത് എന്തു ചിന്തിക്കുന്നത് ഉചിതമായിരിക്കും.

ഒരു ക്രൈസ്തവസഭയെന്ന നിലയിൽ അതിന്റെ പ്രാഥമികലക്ഷ്യത്തിൽ നിന്നും മുൻഗണനയിൽ നിന്നും അതിനെ ഗതി മാറ്റി സഞ്ചരിപ്പിക്കുകയാണ് കക്ഷി വഴക്കുകൾ. ഭൂരിഭാഗം വിശ്വാസികൾക്കും വൈദീകർക്കും മാനസിക പങ്കാളിത്തമില്ലാത്ത കക്ഷി വഴക്കുകൾ നിക്ഷിപ്ത താല്പര്യം വച്ചു പുലർത്തുന്ന ഏതാനും നേതൃമോഹികൾ രൂപംകൊടുത്തിട്ടുള്ളതും തുടരുന്നതുമാണ്. ചരിത്രം തലനാരിഴകീറി പരിശോധിക്കുകയല്ല; പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുകയാണ് വേണ്ടത്. നിരുപാധികമോ അല്ലാതെയോ സഭയിൽ ശാശ്വതസമാധാനവും സ്നേഹവും കൈവരുത്തുക എന്നതാണ് പ്രാഥമികമായിട്ടുള്ളത്. അല്ലാത്ത കാലത്തോളം സഭാമേലധികാരികൾ ക്രിസ്തുസഭയെക്കുറിച്ചും ക്രൈസ്തവ ശുശ്രൂഷയെക്കുറിച്ചും പ്രഭാഷിക്കുന്നത് വിരുദ്ധസാക്ഷ്യം നൽകുന്ന ഒന്നായിരിക്കും. അക്ഷരങ്ങൾക്കും ആചാരങ്ങൾക്കും അപ്പുറത്തുള്ള പരമമായ സത്യത്തിൽ നിന്നും തങ്ങളുടെ അജഗണത്തെ മുഖംതിരിച്ചു നിർത്തുന്ന ആത്മനാശം വിതയ്ക്കുന്ന പ്രവൃത്തി ആയിരിക്കും അത്.

ത്യാഗമില്ലാത്ത ആരാധന സാമൂഹ്യ തിന്മയായി രാഷ്ട്രപിതാവ് നമ്മെ പഠിപ്പിക്കുന്നു. മലങ്കരസഭയിൽ ശാശ്വതമായ സമാധാനം സഭൈക്യത്തിലൂടെ സംജാതമാക്കുവാൻ മേലധികാരികളുടെ ത്യാഗരാഹിത്യവും ഒരു പ്രശ്നമായിരിക്കാം. അത്തരം നേതാക്കൾക്ക് *സമൃദ്ധി*യുടെയും *ത്യാഗശൂന്യത*യുടെയും സുവിശേഷം പ്രസംഗിക്കുന്ന പുത്തൻ 'സുവിശേഷ വ്യവസായികൾ'ക്കെതിരെ ശബ്ദിക്കാൻ എന്തു ധാർമ്മികതയാണുള്ളതെന്നും ഓർത്തിരിക്കുക. വിശ്വാസികളോടൊ പൊതുസമൂഹത്തോടൊ ഇവർക്ക് മനുഷ്യന്റേയോ പ്രകൃതിയുടെയോ നന്മയെക്കുറിച്ച് സംസാരിക്കുവാൻ അർഹതയില്ല എന്നതാണ് വാസ്തവം. ഒരു കുരുടന് മറ്റൊരു കുരുടനെ ശരിയായ വഴികാണിക്കാൻ സാധിക്കുമോ?

**മ**ലങ്കരസഭയിലെ കക്ഷിവഴക്കുകൾക്ക് വിഭജനവും വിദ്വേഷവും പരിഹാരമാകുന്നത്; ക്രൈസ്തവ ജീവിതശൈലിയിൽ നിന്നുള്ള വ്യതിചലമല്ലേ എന്ന് സ്വയം വിമർശനപരമായെങ്കിലും ചിന്തിക്കാൻ തയ്യാറാകണം. മലങ്കരസഭയില അന്തഃഛിദ്ര പ്രവണതകളെ അതിജീവിക്കുവാൻ സാധാരണ വിശ്വാസികൾ ക്രിയാത്മകമായി ചിന്തിക്കുകയും സഭാ ഐക്യത്തിന്റെ കാറ്റുവീശാനുള്ള സംഘടിത ചാലകശക്തിയായി പ്രവർത്തിക്കുകയും വേണം. (കോട്ടയം കേന്ദ്രമാക്കിയുള്ള മലങ്കരസഭാ സമാധാനസമിതിയുടെ പ്രവർത്തനങ്ങളെ ഇത്തരത്തിൽ കാണാവുന്നതാണ്) മലങ്കരസഭയിൽ ശാശ്വതവും സ്ഥായിയായതുമായ സമാധാനം ഇരുവിഭാഗത്തന്റെയും ഐക്യത്തിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ. സഭാ ഐക്യചിന്തകൾക്കും ചർച്ചകൾക്കും *വിശ്വസ്നേഹദർശനം* തുടക്കക്കാലം മുതൽതന്നെ പ്രാധാന്യം നൽകിയിരുന്നു (സഭാ സമാധാനം വിഷയമായി മൂന്നാമത് ലക്കമാണ് ഞങ്ങൾ പ്രസിദ്ധീകരിക്കുന്നത്). സഭയുടെ നന്മയെ കരുതുന്ന ഇരുവിഭാഗത്തിലെയും വിശ്വാസികൾ ഉൾക്കൊള്ളുന്ന ഒരു ജനമുന്നേറ്റത്തിന് നിരവധി കാര്യങ്ങൾ സഭയുടെ അനുരഞ്ജനത്തിനായി ചെയ്യുവാൻ സാധിക്കും. അത്തരം പ്രവർത്തനങ്ങളുടെ ഒരു പൂർത്തീകരണമെന്നോണം മലങ്കരസഭയിൽ ഐക്യവും സമാധാനവും കൈവരുമെന്നുതന്നെയാണ് പ്രിതീക്ഷ– അതാണല്ലോ ക്രിസ്തീയ പ്രത്യാശ. അത്തരം ലക്ഷ്യത്തിലേക്കുതകുന്ന ഇടയ സന്ദേശങ്ങൾക്കും നിർദേശങ്ങൾക്കും സംവാദങ്ങൾക്കും ഞങ്ങൾ ഇടം നൽകുകയാണ്. മലങ്കരസഭയുടെ നന്മയിൽ വിശ്വസിക്കുന്ന ആർക്കും ഈ ഇടത്തിലേക്കു സ്വാഗതം. ഇരുവിഭാഗത്തിലെയും ഐക്യകാംക്ഷികളുടെ അഭ്യർത്ഥനയാണ് ഇത്തരം ചർച്ചകൾക്ക് ഞങ്ങളെ പ്രേരിപ്പിച്ചത്. ഈ ചർച്ചകൾ അതിൽതന്നെ പൂർണമല്ല. നന്മകാംക്ഷിക്കുന്നവരുടെ അഭിപ്രായങ്ങളും ചിന്തകളും നിർദ്ദേശങ്ങളും കൂടിചേർന്ന് പ്രാർത്ഥനയോടുള്ള പ്രവർത്തനങ്ങൾക്ക് ഐക്യകാംക്ഷികൾ സജ്ജരാകണം.

"Truth is not the stopping point, But the starting point of true existence "

- Paulos Mar Gregorios

**പത്രാധിപർ**



# വിഭക്തസഭ മനുഷ്യാവതാരത്തിന് എതിരെയുള്ള ഏറ്റവും മോശപ്പെട്ട സാക്ഷ്യം

**ദൈവകൃപയാൽ ആകമാന സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ഈവാസ് പാത്രിയർക്കീസ്.**

**ക**ർത്താവിൽ നമ്മുടെ പ്രിയസഹോദരൻ പൗരസ്ത്യകാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയന് ശ്ലൈഹികാശംസകളും നമുക്കു പ്രിയപ്പെട്ടവരായ അഭിവന്ദ്യ മെത്രാപ്പോലീത്താമാർക്കും നമ്മുടെ ആത്മീയമക്കളായ വന്ദ്യ കോർഎപ്പിസ്ക്കോപ്പാമാർക്കും അർപ്പിതരായ ദയറാക്കാർക്കും പൂജ്യരായ വൈദികർക്കും ബഹുമാന്യരായ ശെമ്മാശന്മാർക്കും ഭക്തരായ കന്യാസ്ത്രീകൾക്കും ഇന്ത്യയിലെ സുറിയാനി ഓർത്തഡോക്സ് സഭയിലെ സകലവിശ്വാസികൾക്കും അപ്പോസ്തോലികാശീർവാദവും ഉണ്ടായിരിക്കട്ടെ.

ദൈവത്താൽ വിളിക്കപ്പെട്ട് നാം പരമാദ്ധ്യക്ഷനായിരിക്കുന്ന ആകമാന സുറിയാനി സഭയുടെ ഒരു ഭാഗമാണ് മലങ്കര സഭ എന്ന് നിങ്ങളുടെ രാജ്യത്തെ സുപ്രീംകോടതി പ്രഖ്യാപിച്ചതായി അറിയുന്നതിൽ നമുക്ക് സന്തോഷിക്കാം. അന്ത്യോഖ്യയിലെ പൗരാണികമായ ശ്ലൈഹിക സിംഹാസനത്തിന്റെ ആദ്ധ്യാത്മികൗന്നത്യം അംഗീകരിക്കുന്നതിൽ കോടതി പ്രകടിപ്പിച്ച വിവേകം നാം കാണുകയും വിലമതിക്കുകയും ചെയ്യുന്നു. പൗരസ്ത്യ സുവിശേഷ സമാജം, സിംഹാസനപള്ളികൾ, ഹോണവാർ സൊസൈറ്റി എന്നിവ പരിശുദ്ധ സിംഹാസനവുമായി നേരിട്ട് ബന്ധം പുലർത്തിയിരുന്ന സ്ഥിതി നിലനിർത്തികിട്ടി എന്നതിൽ അവരോടൊപ്പം നാമും സന്തോഷിക്കുന്നു. വലിയമെത്രാപ്പോലീത്ത മോർ ക്ലീമീസ് ഏബ്രഹാമിന്റെ കേസിലെ വിധിയിൽ അദ്ദേഹം സന്തുഷ്ടനാണെന്നും നാം അറിയുന്നു. നിങ്ങൾ ജയിച്ച സംഗതികളെ പ്രതിയും തോറ്റ സംഗതികളെ പ്രതിയും നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. എന്തു കൊണ്ടെന്നാൽ, എന്റെ വത്സലമക്കളെ, ദൈവത്തിന് തെറ്റുപറ്റുന്നില്ല. ഇ 355/91 നമ്പരിൽ 1991 ഡിസംബർ 16ന് പുറപ്പെടുവിച്ച ശ്ലൈഹിക കല്പനയിൽ കലഹം അവസാനിപ്പിച്ച് സമാധാനത്തിന്റെ നവയുഗത്തിന് തുടക്കംകുറിക്കുവാൻ നാം ആഹ്വാനം ചെയ്തിരുന്നു. മലങ്കരയിൽ ശാശ്വതസമാധാനം കൈവരിക്കുന്നതിന് പ്രതിജ്ഞാബദ്ധനാണെന്നും നാം ആ കല്പനയിൽ പ്രസ്താവിച്ചിരുന്നു. മലങ്കരയിലെ നമ്മുടെ മക്കൾ രണ്ടുവിഭാഗങ്ങളായി കാണപ്പെടുന്നുവെങ്കിലും സത്യവിശ്വാസവും ശ്രേഷ്ഠ പാരമ്പര്യങ്ങളും ഉയർത്തിപ്പിടിച്ചുകൊണ്ട് ഐക്യത്തിലേക്ക് വരുവാൻ സുപ്രീംകോടതി വിധി സന്ദർഭമായി ഭവിക്കുമെന്ന് നാം പ്രത്യാശിക്കുന്നു.

നമ്മുടെ ശ്രേഷ്ഠ മുൻഗാമി, 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പാത്രിയർക്കീസ് ഇഗ്നാത്തിയോസ് പത്രോസ് IV, നിർവഹിച്ച പങ്ക് നാം ഇത്തരുണത്തിൽ സ്മരിക്കുന്നു. യാത്രാ സൗകര്യങ്ങൾ പരിമിതമായിരുന്ന ആ കാലത്ത് പരിശുദ്ധപിതാവ് ഇന്ത്യയിലേക്ക് യാത്രചെയ്യുകയും സ്ഥിതിഗതികൾ വിലയിരുത്തിയ ശേഷം മലങ്കരസഭയുടെ ഭരണനിർവ്വഹണത്തിനുവേണ്ട അടിസ്ഥാനപരമായ ചട്ടക്കൂട് രൂപപ്പെടുത്തുകയും ചെയ്തു. അവിടുത്തെ സഭയിൽ ഭൗതീകമായ യാതൊരു അധികാരവും ആ പിതാവ് ആവശ്യപ്പെട്ടില്ല. മറിച്ച് 'സഭാ കാര്യങ്ങളിൽ ദുർഭരണം ഒഴിവാക്കുവാനും മെത്രാപ്പോലീത്തായുടെ ഏകനായകത്വം അവസാനിപ്പിക്കുവാനും വേണ്ടി' സുറിയാനിക്രിസ്ത്യാനി

അസോസിയേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത തന്റെ, കാലത്തെ അതിജീവിക്കുന്ന ദീർഘവീക്ഷണത്തോടെ ഗ്രഹിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. മലങ്കരസഭയുടെ ഭൗതികസംഗതികളിൽ കൂടുതൽ ചലനാത്മകമായ പങ്ക് വഹിക്കുവാൻ തനിക്ക് താല്പര്യം ഉണ്ടായിരുന്നുവെങ്കിൽ ആയത് സ്വീകരിക്കപ്പെടുമായിരുന്ന അന്നത്തെ സാഹചര്യങ്ങളിൽ അതിന് പകരം സുറിയാനിക്രിസ്ത്യാനി സമുദായത്തിന്റെ സഭാപരവും സാമൂഹികവുമായ എല്ലാ സംഗതികളും നിർവ്വഹിക്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വത്തോടുകൂടി ഒരു സമിതിയെ നിയോഗിക്കുകയാണ് ആ പിതാവ് ചെയ്തത്. നമ്മുടെ ആ മഹാനായ മുൻഗാമി 'മുളന്തുരുത്തി സുന്നഹദോസി' ൽ വെച്ച് നിർണ്ണയിച്ച അടിസ്ഥാനതത്വങ്ങൾ നിങ്ങളുടെ സുപ്രീംകോടതി സർവ്വാത്മനാ അംഗീകരിച്ച കാര്യം നാം സംതൃപ്തിയോടെ വീക്ഷിക്കുന്നു. ഇതുപറയുന്നതോടൊപ്പം മലങ്കരസഭയുടെ ഐക്യവും സമാധാനവും ഭാവിയും നിങ്ങളുടെ കൈകളിലാണ് എന്ന് ഒരിക്കൽകൂടി വ്യക്തമാക്കുവാൻ നാം ആഗ്രഹിക്കുന്നു. നമ്മുടെ കർത്താവിന് ഫലപ്രദമായി സാക്ഷ്യം വഹിക്കുന്നതിലേക്കായി നിങ്ങൾ നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും നാം ശ്ലൈഹികവാഴ്‌വ് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

പുത്രൻ സത്യമായി പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് എന്ന് ലോകം വിശ്വസിക്കുന്നതിലേക്ക് താനും പിതാവും ഒന്നായിരിക്കുന്നതുപോലെ തന്റെ ശിഷ്യന്മാരും ഒന്നായിരിക്കണമെന്നത്രേ നമ്മുടെ കർത്താവ് ആഗ്രഹിച്ചത്. മനുഷ്യാവതാരത്തിനെതിരെയുള്ള ഏറ്റവും മോശപ്പെട്ടസാക്ഷ്യം വിഭക്തമായ സഭയാണ് എന്നർത്ഥം. 'തുന്നൽ ഇല്ലാതെ മേൽതൊട്ട് അടിയോളം മുഴുവനും നെയ്തതായ' കർത്താവിന്റെ അങ്കിയായിരിക്കണം സഭ; സൗഖ്യം പ്രാപിക്കാത്ത കുഷ്ഠരോഗികളുടെ കീറിപ്പറിഞ്ഞ ഉടയാട ആയിരിക്കേണ്ടതല്ല അത്. ആദ്യം ഓരോവിഭാഗത്തിലും ആഭ്യന്തരമായും പിന്നീട് വിവിധവിഭാഗങ്ങൾ തമ്മിൽ തമ്മിലും ഉള്ള അനുരഞ്ജനം ആയിരിക്കണം എല്ലാ ക്രൈസ്തവരുടെയും ആത്യന്തികലക്ഷ്യമെന്ന് നാം വിശ്വസിക്കുന്നു.

**'തുന്നൽ ഇല്ലാതെ മേൽതൊട്ട് അടിയോളം മുഴുവനും നെയ്തതായ' കർത്താവിന്റെ അങ്കിയായിരിക്കണം സഭ; സൗഖ്യം പ്രാപിക്കാത്ത കുഷ്ഠരോഗികളുടെ കീറിപ്പറിഞ്ഞ ഉടയാട ആയിരിക്കേണ്ടതല്ല അത്. ആദ്യം ഓരോവിഭാഗത്തിലും ആഭ്യന്തരമായും പിന്നീട് വിവിധവിഭാഗങ്ങൾ തമ്മിൽതമ്മിലും ഉള്ള അനുരഞ്ജനം ആയിരിക്കണം എല്ലാ ക്രൈസ്തവരുടെയും ആത്യന്തികലക്ഷ്യമെന്ന് നാം വിശ്വസിക്കുന്നു. മലങ്കരയിൽ ക്രിസ്തീയസാക്ഷ്യം വിഫലമാക്കുന്ന ഇപ്പോഴത്തെ ഈ വിഭജനം അവസാനിപ്പിക്കുന്നതിനായി നിങ്ങൾ നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും നാം നന്മനേരുന്നു.**

1980 സെപ്റ്റംബർ 14-ാം തീയതി അന്ത്യോഖ്യയിലെ പരിശുദ്ധ ശ്ലൈഹിക സിംഹാസനത്തിൽ ആരോഹണം ചെയ്തവേളയിൽ ചെയ്തപ്രസംഗത്തിൽ മലങ്കരയിലെ സമാധാനം നമ്മുടെ പാത്രിയർക്കാനാളുകളിൽ മുൻഗണന നൽകപ്പെടുന്ന ഒരു വിഷയമായിരിക്കുമെന്ന് നാം പ്രസ്താവിച്ചിരുന്നു. ആ സന്മനോഭാവം ഉണ്ടായിരുന്നിട്ടും സമാധാനത്തിനായി പ്രവർത്തിക്കണമെന്ന് മലങ്കരയിലെ നമ്മുടെ മക്കളെ ആഹ്വാനം ചെയ്യുന്നതിനപ്പുറം മറ്റെന്തെങ്കിലും ചെയ്യുവാൻ നമുക്ക് കഴിഞ്ഞില്ല. മറുവിഭാഗത്തിലെ സുന്നഹദോസിൽ പലരും നമുക്ക് സ്നേഹിതന്മാരാണ്. അവരുടെ വിദേശയാത്രകളിൽ അവരിൽ ചിലർ നമ്മെ സന്ദർശിച്ചിട്ടുമുണ്ട്. മലങ്കയിലെ ജനങ്ങൾ ഐക്യത്തിലേക്ക് വരുന്നപക്ഷം നാമും ആ ഐക്യത്തിൽ പങ്കാളിയായിരിക്കും എന്നത്രേ നാം എല്ലായ്പ്പോഴും അവരോട് ഉറപ്പിച്ച് പറഞ്ഞിട്ടുള്ളത്.

തുരങ്കത്തിന്റെ അന്ത്യം ദൃഷ്ടിപഥത്തിലെത്തിയിരിക്കുന്ന ഈ വേളയിൽ നമുക്ക് ആവർത്തിക്കാനുള്ളതും ഈ വാഗ്ദാനം തന്നെയാകുന്നു. ശ്രേഷ്ഠ കാതോലിക്കായ്ക്ക് നാമയച്ച (1991 ഡിസംബർ 16 ലെ ഇ 356/91) ഒരു കത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ രണ്ടാമത്തെ മൈൽകൂടി യാത്രചെയ്യുവാൻ നാം ഒരുക്കമത്രേ. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ സഭാജീവിതത്തിന്റെ എല്ലാ വശങ്ങളും കണക്കിലെടുത്തുകൊണ്ട് മലങ്കരയിലാണ് തീരുമാനിക്കപ്പെടേണ്ടത്. മലങ്കരയിൽ ക്രിസ്തീയസാക്ഷ്യം വിഫലമാക്കുന്ന ഇപ്പോഴത്തെ ഈ വിഭജനം അവസാനിപ്പിക്കുന്നതിനായി നിങ്ങൾ നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും നാം നന്മ നേരുന്നു.

നല്ലവനായ പിതൃപുത്രപരിശുദ്ധാത്മാവാം ദൈവം തന്റെ അദൃശ്യമായ വലതുതൃക്കരം ബലഹീനവും പാപപങ്കിലവുമായ നമ്മുടെ കയ്യോടൊപ്പം നീട്ടി നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ. ആയത് ഇപ്പോഴും എപ്പോഴും തന്നെ. ആമീൻ.

■

1995 ആഗസ്റ്റ് 1-ാം തീയതി സിറിയയിലെ ദമാസ്ക്കസിൽ നിന്നും പുറപ്പെടുവിച്ച കല്പന



# വ്യവഹാരങ്ങളിൽ നിന്നും വിദ്വേഷത്തിൽ നിന്നും ദൈവരാജ്യത്തിന്റെ മഹത്വത്തിലേക്ക് മുഖം തിരിക്കണം

**വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢമായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ**

നമുക്കെത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ എല്ലാ മെത്രാപ്പോലീത്തമാർക്കും എപ്പിസ്ക്കോപ്പന്മാർക്കും, ദയറായക്കാർക്കും, ശെമ്മാശന്മാർക്കും എല്ലാ പള്ളി വികാരിമാർക്കും സഹവികാരിമാർക്കും ദേശത്തു പട്ടക്കാർക്കും പള്ളി കൈക്കാരന്മാർക്കും മാനേജിംഗ് കമ്മറ്റി അംഗങ്ങളും ശേഷം എല്ലാ വിശ്വാസികൾക്കും നമ്മുടെ കർത്താവായ യേശുമിശിഹായിൽ സമാധാനവും വാഴ്വും.

കർത്താവിൽ പ്രിയരെ,

പൗരസ്ത്യകാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായും എന്ന നിലയിൽ നിങ്ങളുടെയെല്ലാം എളിയ ശുശ്രൂഷകനായി ബലഹീനനായ നാം നിങ്ങൾക്കുവേണ്ടി കണ്ണുനീരോടെ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടാണിരിക്കുന്നത്. മലങ്കരസഭയുടെ സമ്പൂർണ്ണമായ അനുരഞ്ജനവും ജനങ്ങളുടെ ആത്മീയപുരോഗതിയും ഇടവകകളുടെ ക്രിസ്തീയ സാക്ഷ്യവുമാണ് നമ്മുടെ ലക്ഷ്യം.

ദൈവകൃപയാൽ ഇന്ത്യയുടെ പരമോന്നത കോടതി നമ്മുടെ ദീർഘമായ വ്യവഹാരങ്ങൾക്ക് അന്ത്യം കുറിച്ചുകൊണ്ട് നല്കിയ വിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ഈ വിധി മലങ്കരസഭയുടെ ഐക്യവും ഭദ്രതയും നിലനിർത്തുവാൻ ദൈവത്താൽ കല്പിക്കപ്പെട്ടതാണ് എന്ന് എല്ലാവരും സമ്മതിക്കും. 1912 ലെ പൗരസ്ത്യ കാതോലിക്കേറ്റ് പുന:സ്ഥാപനവും 1991 ലെ നമ്മുടെ കാതോലിക്കാ സ്ഥാനാരോഹണവുംചോദ്യംചെയ്യപ്പെടാനാവാത്ത വസ്തുതകളാണെന്ന് 1995 ലെ സുപ്രീംകോടതി വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ നമ്മുടെ മലങ്കരമെത്രാപ്പോലീത്താസ്ഥാനത്തെ ആർക്കും ഒരു കോടതിയിലോ വേദിയിലോ ചോദ്യം ചെയ്യാനാവാത്തവിധം അന്തിമവും മലങ്കര സഭാംഗങ്ങൾക്കെല്ലാം ബാധകവുമായി ബഹു:സുപ്രീം കോടതി സ്ഥിരീകരിച്ചിരിക്കുകയാണല്ലോ. അതുപോലെതന്നെ സുപ്രീംകോടതി ഉത്തരവിൻപ്രകാരം മലങ്കരസഭ ഭരണഘടനയനുസരിച്ച് പരുമലയിൽനടന്ന മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസിയേഷനും അതിലേക്ക് നടന്ന തെരഞ്ഞെടുപ്പുകളും അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ തെരഞ്ഞെടുപ്പും സ്വതന്ത്രവും നീതിപൂർവ്വവും പൂർണ്ണനിയമസാധുത ഉള്ളതുമാണെന്നും സുപ്രീംകോടതി പ്രഖ്യാപിച്ചു. ഇനിമേൽ മലങ്കരസഭ ഒന്നാണ്. കക്ഷിപിരിവുകൾ അവസാനിച്ചു. ഈ സാഹചര്യങ്ങളിൽ ചില സുപ്രധാനകാര്യങ്ങൾ നിങ്ങളുടെ സ്നേഹത്തെ അറിയിക്കുവാൻ നാം ആഗ്രഹിക്കുന്നു.

1. പ:അന്ത്യോക്യപാത്രിയർക്കേറ്റിനെ മലങ്കരസഭ സ്വീകരിക്കുന്നില്ലെന്നും അതുകൊണ്ട് പുതിയസഭ ഉണ്ടാക്കണമെന്നും മറ്റും ചിലർവ്യാജപ്രചരണം നടത്തി വിശ്വാസികളെ കഷ്ടത്തിലാക്കുന്നതായി നാം അറിയുന്നു. ബഹു: സുപ്രീംകോടതി അംഗീകരിച്ചുറപ്പിച്ചിട്ടുള്ള 1934 ലെ സഭാഭരണഘടന (ഭേദഗതി ചെയ്തിട്ടുള്ള 1934 ലെ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ ഭരണഘടന) പ്രകാരം മലങ്കരസഭയും കാതോലിക്കേറ്റും അന്ത്യോക്യപാത്രിയർക്കേറ്റും ആയുള്ള ബന്ധം കോടതി അംഗീകരിച്ചിട്ടുള്ളതാണ്. ഇപ്പോഴത്തെ പരിതസ്ഥിതികളിൽ പ: അന്ത്യോഖ്യ പാത്രിയാർക്കേറ്റുമായുള്ള ബന്ധം മുകളിൽ പറഞ്ഞനിലയിൽ തുടരുന്നതാണ്.

മലങ്കരസഭയുടെ ഭരണഘടന അനുശാസിക്കുന്ന തരത്തിൽ“ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി” പ.അന്ത്യോഖ്യ പാത്രിയർക്കീസ് ബാവായെ അംഗീകരിച്ച് ഏകമായ മലങ്കരസഭയിൽ അദ്ദേഹത്തിന് സമർഹമായ എല്ലാ പദവികളും അവകാശങ്ങളും ബഹുമതിയും നൽകി ആദരിക്കാൻ നാം എപ്പോഴും തയ്യാറാണ് എന്ന വസ്തുത സംശയരഹിതമായി നിങ്ങളെ വീണ്ടും അറിയിക്കട്ടെ. പ.അന്ത്യോഖ്യ പാത്രിയർക്കേറ്റും

മലങ്കരസഭയും തമ്മിലുള്ള കാനോനികവും സുദൃഡവുമായ ശ്രേഷ്ഠബന്ധത്തെ മലങ്കരസഭയുടെ ഭരണഘടന സുവ്യക്തമായി നിർവ്വചിക്കുന്നുണ്ട്. ബഹു: സുപ്രീംകോടതി 1995 ലെ വിധിയിൽ ഈ ബന്ധത്തിന്റെ പ്രത്യേകമായ വിവക്ഷകൾ എടുത്തുപറയുന്നുണ്ട്. മോറാൻ മാർ ഇഗ്നാത്തിയോസ് സഖാപ്രഥമൻ പാത്രിയർക്കീസ് ബാവയുമായി നാം വ്യക്തിപരമായി സമ്പർക്കം പുലർത്തിക്കൊണ്ടാണിരിക്കുന്നത്. മലങ്കര സഭയിൽ പൂർണ്ണസമാധാനം കൈവരണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹം നമ്മോട് വ്യക്തമാക്കിയിട്ടുണ്ട്. ചിലർ ധരിക്കുന്നതുപോലെ മലങ്കരസഭയിൽ സമാധാന ഭഞ്ജനം ഉണ്ടാക്കുന്ന നടപടികൾ. അദ്ദേഹം സ്വീകരിക്കുകയില്ലെന്നും നമ്മെ അറിയിച്ചിട്ടുണ്ട്

2. നമ്മുടെ ഇടവക പള്ളികളെ സംബന്ധിച്ച് തീർത്തും തെറ്റായ ധാരണകൾ ചിലർ പ്രചരിപ്പിക്കുന്നതായി അറിയുന്നു. പ: കാതോലിക്കാബാവ പള്ളികൾ പിടിച്ചെടുക്കും എന്നും മറ്റുമുള്ള ബാലിശമായ വാദങ്ങളാണ് കേൾക്കുന്നത്. അതുകൊണ്ട് വളരെവ്യക്തമായി നാം നിങ്ങളെ അറിയിക്കുന്നു. 1958 ൽ പ: ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവയും പ: ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവയും പരസ്പരം സ്വീകരിച്ചും സഭയിൽ സമാധാനം ഉണ്ടാക്കിയതിന് ശേഷം 1964ൽ പ: ഔഗേൻ പ്രഥമൻ ബാവയുടെ കാതോലിക്കാ സ്ഥാനാരോഹണത്തിന് പ:യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ മലങ്കരസഭയുടെ ക്ഷണമനുസരിച്ച് മലങ്കരയിൽ എഴുന്നള്ളി. ഈ കാലയളവിലോ അതിനുശേഷമോ മലങ്കരമെത്രാപ്പോലീത്താ ഏതെങ്കിലും ഇടവക പള്ളികളുടെ ആന്തരിക ഭരണത്തിൽ കൈകടത്തുകയോ സ്വത്തുക്കൾ കൈവശപ്പെടുത്തുകയോ ചെയ്തിട്ടില്ല.

നമ്മുടെ ജനങ്ങളുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റി, അവരെ ദൈവരാജ്യത്തിന്റെ മക്കളാക്കി രൂപാന്തരപ്പെടുത്തുകയാണ് മലങ്കരസഭയിലെ ഇടവകകളുടെ മുഖ്യലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുവാൻ തക്കവിധം, മലങ്കരയിലെ ഇടവകപള്ളികളുടെ സുഗമമായ പ്രവർത്തനവും അവയിലെ ജനങ്ങളുടെയും വൈദീകരുടെയും ക്ഷേമവും ഉറപ്പാക്കുകയാണ് മലങ്കരമെത്രാപ്പോലീത്താ എന്ന നിലയിൽ നമ്മുടെ മുഖ്യധർമ്മങ്ങളിലൊന്ന്. ഇക്കാര്യത്തിൽ മലങ്കരസഭയുടെ ഭരണവ്യവസ്ഥയ്ക്ക് പുറത്തുള്ള വ്യക്തികളുടെ ഇടപെടലുകളിൽ നിന്ന് ഇടവകകളെയും അവയിലെ വൈദീകരെയും സംരക്ഷിക്കുവാനുള്ള ആത്മീയവും നിയമപരവുമായ ഉത്തരവാദിത്തം നമ്മിൽ നിക്ഷിപ്തമാണ്. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നിങ്ങളുടെ ഏവരുടെയും സഹകരണത്തോടെ ഈ ചുമതല നിർവ്വഹിക്കുവാൻ നാം സദാ ജാഗരൂകനാണ്. മലങ്കരസഭയുടെ പൊതുനന്മയ്ക്കും ഐക്യത്തിനും സഭാഭരണഘടനക്കും വിഘാതമാകാതെ ഇടവകപള്ളികൾക്ക് അവയുടെ സ്വന്തമായ കീഴ്‌വഴക്കങ്ങളും മറ്റും തുടരുന്നതിന് അവസരം നൽകുന്ന ഭരണശൈലിയായിരിക്കും നാം പിന്തുടരുന്നത്. ഇടവകപള്ളികൾ പൂട്ടികിടക്കാതെയും, അനധികൃതമായ ഏതെങ്കിലും കൈകടത്തലുകൾ വരാതെയും നമ്മുടെ ജനങ്ങൾക്ക് സമാധാനപൂർവ്വം ആരാധിക്കുവാനുള്ള സാഹചര്യമാണ് സുപ്രീം കോടതി ഒരുക്കിതന്നിരിക്കുന്നത്. വ്യവസ്ഥാപിതമായ നമ്മുടെ പുരാതന ഇടവകകളെ മലങ്കര സഭക്ക് ഇതരവും നിയമവിധേയവുമല്ലാത്ത പുതിയ പ്രസ്ഥാനങ്ങളിലേക്ക് ആരും വഞ്ചിച്ചുകൊണ്ട് പോകാതിരിക്കാൻ ജനങ്ങളും വൈദീകരും അതീവ ശ്രദ്ധപുലർത്തണം.

മലങ്കരമെത്രാപ്പോലീത്താ എന്ന നിലയിൽ നമ്മുടെ എല്ലാ പിന്തുണയും നിയമപരമായ സംരക്ഷണവും ഇക്കാര്യത്തിൽ ഇടവകജനങ്ങൾക്കും വൈദീകർക്കും ഉണ്ടായിരിക്കും എന്ന് നാം നിങ്ങളുടെ സ്നേഹത്തെ അറിയിക്കുന്നു.

3. മലങ്കരസഭയുടെ വ്യവസ്ഥാപിതമായ ഭരണക്രമമനുസരിച്ച് പൗരസ്ത്യകാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായുമായ നമ്മോട്ചേർന്ന് നിന്ന് ജനങ്ങളെ നയിക്കുവാൻ ഒരുക്കമുള്ള എല്ലാ മേൽപ്പട്ടക്കാരേയും ഉചിതമായ ക്രമീകരണങ്ങളോടെ ആദരിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. 1995 ലെ സുപ്രീം കോടതി വിധി അനുസരിച്ച് കൂടുന്ന പുതിയ മാനേജിംഗ്കമ്മറ്റിയിൽ ഇക്കാര്യത്തിൽ സമുചിതമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനെപ്പറ്റി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

വയോധികനായ നമുക്ക് ദൈവം തമ്പുരാൻ കരുണാപൂർവ്വം തന്നിരിക്കുന്ന ജീവനും ആരോഗ്യവും നിങ്ങളുടെയെല്ലാം നന്മക്കുവേണ്ടിയും നമ്മുടെ സഭയുടെ പുരോഗതിക്കുവേണ്ടിയും മാത്രം നന്ദിപൂർവ്വം ഉപയോഗിക്കണമെന്നാണ് നമ്മുടെ എളിയ ആഗ്രഹം. അടുത്ത പത്ത് വർഷങ്ങൾ ആത്മീയനവോത്ഥാന ദശകമായി സഭമുഴുവനും ആചരിച്ച് നമ്മുടെ ജനങ്ങൾക്കും വൈദീകർക്കും സമൂഹത്തിനും ക്ഷേമം നൽകുന്ന കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാൻ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. കഴിഞ്ഞതെല്ലാം മറന്ന് എല്ലാവരും ഒരുമിച്ച് സഭയുടെ ആത്മീയനവോത്ഥാന പ്രക്രിയയിൽ പങ്കുചേരണം.

വ്യവഹാരങ്ങളിൽ നിന്നും വിദ്വേഷത്തിൽ നിന്നും സങ്കുചിതമായ താൽപര്യങ്ങളിൽ നിന്നും നാം ദൈവരാജ്യത്തിന്റെ മഹത്വത്തിലേക്ക് മുഖംതിരിക്കണം. നമ്മുടെ രാജ്യത്തെ പാവങ്ങളേയും അശരണരേയും കൈപിടിച്ചുയർത്തുവാനും ഇവിടെ യഥാർത്ഥമായ സമാധാനവും നീതിയും സൗഹാർദ്ദവും കൈവരുത്തുവാനും നമുക്ക് പ്രതിജ്ഞയെടുക്കാം.

കക്ഷിപിരിവുകളും തെറ്റിദ്ധാരണയും നിലനിന്നകാലത്ത് വാക്കും പ്രവൃത്തിയും ചിന്തയും മൂലം പരസ്പരം ഉണ്ടാക്കിയ മുറിവുകളെ നമുക്ക് സുഖപ്പെടുത്താം. അപ്രകാരം സഭയിൽ പരസ്പരം വന്നുപോയിട്ടുള്ള തെറ്റുകുറ്റങ്ങൾക്ക് നിങ്ങളുടെ ആത്മീയ പിതാവായ ബലഹീനനായ നാം ക്ഷമ ചോദിക്കുന്നു.

പ്രിയരേ, ലോകത്തിന്റെ വെളിച്ചമായ നമ്മുടെ കർത്താവിനെ പിൻപറ്റി, ഇരുട്ടിന്റെ പ്രവൃത്തികളെ വെടിഞ്ഞ്, സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പകൽ വെളിച്ചത്തിലേക്ക് നമുക്ക് പ്രവേശിക്കാം. ' ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെയുണ്ടെന്ന്' അരുളിയവനായ കർത്താവ് നമ്മോടുകൂടെയുണ്ട്. ' സകല ബുദ്ധിയേയും കവിയുന്ന സ്വർഗ്ഗീയ സമാധാനം അവൻ നമ്മുടെ ഹൃദയങ്ങളിൽ നൽകും.' സമാധാനപ്രഭുവായ നമ്മുടെ കർത്താവിൽ മാത്രം ശരണപ്പെട്ടുകൊണ്ട് നമുക്കൊരുമിച്ച് നമ്മുടെ തീർത്ഥാടനം തുടരാം.

സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ മക്കളെന്നു വിളിക്കപ്പെടും. നമ്മളെല്ലാവരും ദൈവമക്കളായി അന്യോന്യം പ്രബോധിപ്പിക്കുവാനും പ്രചോദിപ്പിക്കുവാനും ദൈവം തന്റെ മഹാ കരുണയാൽ സംഗതിയാക്കട്ടെ. ദൈവത്തിന്റെ തിരുശരീരമാകുന്ന പരിശുദ്ധസഭയുടെ ഉത്തമരും ഉന്നതരുമായ മക്കളായി പ്രകാശിച്ച് പ്രശോഭിക്കുവാൻ ദൈവം സംഗതിയാക്കട്ടെ. വീണ്ടും വീണ്ടും കർത്താവിൽ നമ്മുടെ സ്നേഹചുംബനം.

■

2002 ജൂലൈ 16-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും പുറപ്പെടുവിച്ച കല്പന

ഡോ.തോമസ് മാർ അത്താനാസിയോസ്

# കോപ്റ്റിക് - എത്യോപ്യൻ ഉടമ്പടി:
# മലങ്കരസഭാ സമാധാനത്തിന് മാതൃക



സഭാസമാധാന ഉടമ്പടി അംഗീകരണവേളയിൽ കോപ്റ്റിക് പാത്രിയർക്കീസ് പോപ്പ് ഷെനൗഡാ മൂന്നാമനും എത്യോപ്യൻ പാത്രിയർക്കീസ് ആബുനാ പൗലോസും മദ്ധ്യസ്ഥനായ അർമേനിയൻ സഭയുടെ സിലിഷ്യൻ കാതോലിക്ക അരാം പ്രഥമനോടൊപ്പം

മലങ്കരസഭയും അന്ത്യോഖ്യാ പാത്രിയർക്കേറ്റും തമ്മിലുള്ള ഭിന്നത തുടരുകയാണ്. അതുവഴി ഇവിടുത്തെ സഭയിൽ അസ്വസ്ഥതയും കലഹവും നിലനിൽക്കുന്നു. ഈ വഴക്ക് തുടങ്ങിയ ശേഷം മറ്റ് സഭകളിലാരംഭിച്ച തർക്കങ്ങൾ ഇതിനോടകം പരിഹൃതമായി. കേരളത്തിലെ തന്നെ കൽദായ സുറിയാനി സഭയിലെ ഭിന്നത പറഞ്ഞവസാനിപ്പിച്ച് നിലവിലിരുന്ന വ്യവഹാരങ്ങൾക്ക് വിരാമമിട്ടു. അർമേനിയൻ സഭയിലെ എച്ച്മിയാഡ്സിൻ-കിലിക്കിയ പാത്രിയർക്കേറ്റുകൾ തമ്മിലുള്ള സംഘർഷങ്ങൾ പരിഹരിക്കപ്പെട്ടു. അടുത്തകാലത്ത് അലക്സാന്ത്രിയൻ പാത്രിയർക്കേറ്റും എത്യോപ്യൻ സഭയും തമ്മിലുള്ള ഭിന്നതയ്ക്കും അവസാനമുണ്ടായി. ഈ സഭകളിലെ തലവന്മാർ കൂടിക്കണ്ട് സൗഹൃദം സ്ഥാപിക്കുകയാണുണ്ടായത്. ഈ കാര്യമൊന്നും കലഹമുണ്ടാക്കുന്നതിൽ ഹരം കാണുകയും സഭൈക്യത്തെ ഒരു ദു:സ്വപ്നം പോലെ ഭയക്കുകയും ചെയ്യുന്ന മലങ്കരസഭയിലെ കലാപകാരികളുടെ കണ്ണ് തുറപ്പിക്കുന്നില്ല എന്നത് ഏറെ ദുഃഖകരമാണ്.

അടുത്ത കാലത്ത് നടന്ന സമ്പൂർണ്ണ അനുരഞ്ജനത്തിന് കോപ്റ്റിക്-എത്യോപ്യൻ സഭകളെ ഒരുക്കിയ 1994 ലെ ഉഭയ ഉടമ്പടി മലങ്കരസഭാതർക്കം പരിഹരിക്കുന്നതിന് സഹായകമാണോ എന്ന് പഠനം നടത്തുന്നത് നല്ലതായിരിക്കും. 1994 ഏപ്രിൽ മാസം അലക്സാന്ത്രിയൻ എത്യോപ്യൻസഭകളുടെ സുന്നഹദോസുകൾ അംഗീകരിച്ചതാണ് ഈ രേഖ. അതുവഴി അലക്സാന്ത്രിയൻ - പാത്രിയർക്കേറ്റും എത്യോപ്യൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള ബന്ധങ്ങൾ പുനർനിർവ്വചിച്ച് കൂടുതൽ വ്യക്തവും വ്യവസ്ഥാപിതവും ആക്കിയിരിക്കുകയാണ്. കോപ്റ്റിക്-എത്യോപ്യൻ സഭകൾ തമ്മിൽ ദീർഘകാലത്തെ ചരിത്രബന്ധങ്ങളാണുള്ളത്. നിഖ്യായിലെ എക്യുമെനിക്കൽ സുന്നഹദോസ് കഴിഞ്ഞ് എ.ഡി 329 ൽ അലക്സാന്ത്രിയായിലെ പാത്രിയർക്കീസ് ആയിരുന്ന വി.അത്താനാസ്യോസ് എത്യോപ്യൻ ഭരണാധികാരികളുടെ അഭ്യർത്ഥന പ്രകാരം ഫ്രമാന്റിയോസിനെ എത്യോപ്യയുടെ ആദ്യമേൽപ്പട്ടക്കാരനായി 'അബ്ബാ സലാമ' എന്ന പേരിൽ വാഴിച്ചു. എ.ഡി 330 ൽ അദ്ദേഹം ചുമതല ഏറ്റെടുത്തു. അദ്ദേഹത്തിൽ നിന്ന് ആരംഭിച്ച എപ്പിസ്കോപ്പൽ പിന്തുടർച്ച 20-ാം നൂറ്റാണ്ടു വരെ നിലനിർത്തിയത് അലക്സാന്ത്രിയൻ പാത്രിയർക്കേറ്റായിരുന്നു. 1959 ൽ എത്യോപ്യൻ ചക്രവർത്തിയായിരുന്ന ഹെയ്‌ലി സെലാസിയുടെ ഭരണകാലത്ത് ആബുനാ ബസ്സേലിയോസിനെ, മേൽപ്പട്ടക്കാരെ വാഴിക്കുന്നതിനുള്ള അധികാരത്തോടെ അലക്സാന്ത്രിയപാത്രിയാർക്കീസ് വാഴിച്ചു. ആ പാത്രിയർക്കേറ്റ് പൂർണ്ണ സ്വാതന്ത്ര്യത്തോടെ സഭാകാര്യങ്ങൾ നടത്താനാരംഭിച്ചതിൽ അലക്സാന്ത്രിയ പാത്രിയർക്കേറ്റിന് നീരസമുണ്ടായി. ചക്രവർത്തിയുടെ കാലശേഷം എത്യോപ്യയിൽ കമ്മ്യൂണിസ്റ്റ് ഭരണം നിലവിൽ വരികയും അലക്സാന്ത്രിയ പാത്രിയർക്കേറ്റുമായുള്ള ബന്ധം തീർത്തും വിഛേദിക്കപ്പെടുകയും ചെയ്തു. 1991 ൽ എത്യോപ്യയിൽ നിന്ന് വേർപെട്ട് എറിത്രിയ സ്വതന്ത്രപരമാധികാര രാഷ്ട്രമായി. ദീർഘകാലത്തെ ആഭ്യന്തര കലാപം മൂലം എത്യോപ്യൻ സഭാനേതൃത്വവുമായി എതിർപ്പിൽ കഴിഞ്ഞിരുന്ന എറിത്രിയൻ പ്രദേശത്തെ ഓർത്തഡോക്സ്കാർ എത്യോപ്യൻ പാത്രിയർക്കീസിനെ അവഗണിച്ച് അലക്സാന്ത്രിയൻ പാത്രിയർക്കേറ്റിനോട് സഹകരിച്ചു. 1994 ൽ മെത്രാന്മാ

രേയും 1998 ൽ പാത്രിയർക്കീസിനെയും എറിത്രിയയ്ക്കു വേണ്ടി അദ്ദേഹം വാഴിച്ചു. അതുകൊണ്ട് 1994 ൽ എത്യോപ്യൻ-അലക്സാന്ത്രിയൻ ഉടമ്പടി ഉണ്ടായെങ്കിലും 2008 ൽ മാത്രമാണ് അതിൻപ്രകാരമുള്ള അനുരഞ്ജനം പൂർത്തിയായത്. 1994 ൽ എറിത്രിയൻ സഭയും അലക്സാന്ത്രിയൻ പാത്രിയർക്കീസും തമ്മിലും ഉടമ്പടി ഉണ്ടാക്കിയിരുന്നു. ഇതും എത്യോപ്യൻ -അലക്സാന്ത്രിയൻ ഉടമ്പടിയും തമ്മിൽ സാരമായ വ്യത്യാസങ്ങൾ ഇല്ലെന്ന് പറയാം. അതുകൊണ്ട് ഐക്യത്തിന്റെ മാതൃകയായി പ്രധാനമായും പഠനവിഷയമാകുന്നത് എത്യോപ്യൻ സഭയുടെ ഉടമ്പടിയെയാണ്.

ഈ ഉടമ്പടിയുടെ പ്രസക്തഭാഗങ്ങൾ താഴെപ്പറയും വിധം സംഗ്രഹിക്കാം.

1. വി. മാർക്കോസിന്റെ പിൻഗാമിയായ അലക്സാന്ത്രിയൻ പാത്രിയർക്കീസിന് എത്യോപ്യൻ സഭയുടെ സ്വാതന്ത്ര്യത്തിന് ഭംഗംവരാതെ 'ആദരവിന്റെ പ്രഥമ സ്ഥാനം' (First position of honour) നൽകേണ്ടതാണ്.

2. അലക്സാന്ത്രിയൻ പാത്രിയർക്കേറ്റ് എത്യോപ്യൻ സഭയടെ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും അംഗീകരിക്കുന്നു. ഭരണപരമായി എത്യോപ്യൻസഭ പൂർണ്ണ സ്വതന്ത്രയായിരിക്കും.

3. അലക്സാന്ത്രിയൻ പാത്രിയർക്കീസിന്റെയും എത്യോപ്യൻ പാത്രിയർക്കീസിന്റെയും നാമങ്ങൾ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഓർക്കേണ്ടതുണ്ട്.

(a) രണ്ട് സഭാതലവന്മാരും സന്നിഹിതരായ ആരാധനയിൽ

(b) ഇരുസഭാതലവന്മാരും ചേർന്ന് വി. കുർബാന അനുഷ്ഠിക്കുമ്പോൾ.

(c) ഇരുസഭയിലെയും പുരോഹിതന്മാർ സംയുക്തമായി ആരാധന നടത്തുമ്പോൾ

(d) പ്രധാന പെരുന്നാൾ ശുശ്രൂഷാവേളകളിൽ

ഈ അവസരങ്ങളിലെല്ലാം അലക്സാന്ത്രിയൻ പാത്രിയർക്കീസിന്റെ പേരായിരിക്കണം ആദ്യം ഓർക്കേണ്ടത്.

4. ഓരോ സഭയ്ക്കും അതിന്റേതായ എപ്പിസ്കോപ്പൽ സുന്നഹദോസുകൾ ഉണ്ടായിരിക്കും.

5. സഭയുടെ വിശ്വാസ-പാരമ്പര്യ ഐക്യത്തിന്റെ പ്രതീകമായി ഇരുസഭകളും ചേർന്ന് സംയുക്ത സുന്നഹോദോസ് മൂന്നുവർഷത്തിലൊരിക്കൽ കൂടുവാൻ ക്രമീകരിക്കേണ്ടതാണ്. അലക്സാന്ത്രിയായിലും ആഡീസ് അബാബായിലും ഒന്നിടവിട്ട് ആണ് സുന്നഹദോസ് ചേരേണ്ടത്.

6. ഓരോ സഭയ്ക്കും അതിന്റെ തലവനെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ സ്വാതന്ത്ര്യമുണ്ടായിരിക്കും. എന്നാൽ അപരസഭയുടെ അഞ്ച് സുന്നഹദോസ് അംഗങ്ങൾ അടങ്ങുന്ന പ്രതിനിധി സംഘത്തിന് തെരഞ്ഞെടുപ്പിൽ പങ്കെടുത്ത് വോട്ട് ചെയ്യാവുന്നതും വാഴ്ചയിൽ സഹകരിക്കാവുന്നതും ആണ്. (എറിത്രിയൻ സഭയുമായുള്ള ഉടമ്പടി പ്രകാരം അപരസഭയുടെ പത്തംഗ പ്രതിനിധിസംഘത്തിന് പങ്കെടുക്കാമെങ്കിലും വോട്ടവകാശം ഇല്ല)

7. പുറം സഭകളുമായുള്ള സംവാദങ്ങളിൽ ഇരുസഭകളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുവാനായി അപരസഭയുടെ ഒരംഗത്തെയെങ്കിലും സംഘത്തിൽ ഉൾപ്പെടുത്തണം.

8. ഐക്യം ദൃഢപ്പെടുത്തുന്നതിനായി (i) സഭാനേതാക്കളുടെ പരസ്പരസന്ദർശനങ്ങൾ പ്രോത്സാഹിപ്പിക്കണം. (ii) വൈദീക വിദ്യാഭ്യാസം, വേദശാസ്ത്രപഠനം, ആത്മീയ പ്രസ്ഥാനങ്ങൾ, സാമൂഹ്യ-വികസന പ്രവർത്തനങ്ങൾ, സുവിശേഷഘോഷണം തുടങ്ങിയ മേഖലകളിൽ സഹകരിക്കണം.

9. പാത്രിയർക്കീസ്, ബിഷപ്പുമാർ എന്നിവരെ അയോഗ്യരാക്കുന്നത് കാനോനിക നടപടിപ്രകാരം അതതു സഭയുടെ സുന്നഹദോസായിരിക്കണം.

പ്രസ്തുത ഉടമ്പടിപ്രകാരം സംരക്ഷിക്കപ്പെടുന്ന കാര്യങ്ങൾ:-

(a) അലക്സാന്ത്രിയാ പാത്രിയർക്കീസിന് ആദരവിന്റെ ഒന്നാം സ്ഥാനം

(b) ഇരുസഭകളുടേയും പൂർണ്ണമായ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും.

(c) സഭയെ ഏകമാക്കുന്ന കാര്യങ്ങൾക്ക് ഊന്നൽ, വിശ്വാസ പാരമ്പര്യങ്ങളിൽ സമാനത, സുന്നഹദോസിന്റെ സംയുക്ത സമ്മേളനങ്ങൾ, സഭാതലവന്മാരുടെ തെരഞ്ഞെടുപ്പുകളിലും വാഴിക്കലുകളിലും പങ്കാളിത്തം, സാമൂഹിക-അജപാലന-വികസനസംരംഭങ്ങളിലും വൈദികപഠനകാര്യങ്ങളിലും സഹകരണം, പരസ്പര സന്ദർശനങ്ങൾ

(d) ഐക്യവും പങ്കാളിത്തവും സൂചിപ്പിക്കുന്നതിനായി സഭാതലവന്മാരുടെ പേരുകൾ ആരാധനകളിൽ സ്മരിക്കൽ, ഇതരസഭകളുമായുള്ള ചർച്ചകളിൽ ഇരുസഭകളുടേയും പങ്കാളിത്തം, സുന്നഹദോസ് രേഖകളുടെ പരസ്പരകൈമാറ്റം.

ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത് ഇരുസഭകളുടേയും ബന്ധത്തിന്റെ വിവിധ വശങ്ങളാണ്. പരസ്പര അംഗീകാരം, തുല്യത, സംയുക്തത, പൂർണ്ണസ്വാതന്ത്ര്യം, പങ്കാളിത്വം, സാഹോദര്യകൂട്ടായ്മ എന്നിവയാണ്. പൗരാണികമായ അലക്സാന്ത്രിയൻ പാത്രിയർക്കേറ്റിന് നൽകുന്നത്, ആദരവിന്റെ ഒന്നാംസ്ഥാനമാണ് (പ്രൈമസി എന്ന പദം പോലും ഉപയോഗിക്കുന്നില്ല). എന്നാൽ



കോപ്റ്റിക് - എത്യോപ്യൻ സഭാസമാധാന ഉടമ്പടിയിൽ കോപ്റ്റിക് പാത്രിയർക്കീസ് പോപ്പ് ഷെനൗഡാ മൂന്നാമനും എത്യോപ്യൻ പാത്രിയർക്കീസ് ആബുനാപൗലോസും ഒപ്പു വയ്ക്കുന്നു . പ.ആരാം പ്രഥമൻ കാതോലിക്കാ സമീപം.

ഈ ഒന്നാംസ്ഥാനം ഭരണപരമായ കാര്യങ്ങളിൽ കൈകടത്താനുള്ള സാധ്യതയോ സ്വാതന്ത്ര്യമോ അധികാരമോ ആയി വിവക്ഷയില്ല. ഇത് വളരെ കൃത്യവും വ്യക്തവുമായ ബന്ധനിർവചനമാണ്. അലക്സാന്ത്രിയൻ പാത്രിയർക്കീസിന് എത്യോപ്യൻ പാത്രിയർക്കീസിന് മേൽ അധികാരമേലാളിത്വമില്ല. എത്യോപ്യൻ സഭയുടെ സ്വാതന്ത്ര്യത്തിന് ഭംഗംവരാതെയുള്ള ആദരവിന്റെ പ്രാമുഖ്യമാണ് നൽകിയിരിക്കുന്നത്. മലങ്കരസഭയുടെ പ്രധാന മേലധ്യക്ഷൻ അന്ത്യോഖ്യാസഭയുടെ പ്രധാന മേലദ്ധ്യക്ഷന്റെ കീഴ്സ്ഥാനിയായിരിക്കണം എന്നു ശഠിക്കുന്നവർ അലക്സാന്ത്രിയൻ-എത്യോപ്യൻസഭകളിലെ പ്രധാനമേലദ്ധ്യക്ഷന്മാർ തമ്മിലുള്ള സ്ഥാന-അധികാര-ബന്ധ നിർവ്വചനം പഠിച്ച് നടപടിയെടുത്താൽ സഭാവഴക്കിന് പരിഹാരമാകും. അന്ത്യോഖ്യാ പാത്രിയർക്കീസിനേക്കാൾ സ്ഥാനമൂപ്പുള്ള അലക്സാന്ത്രിയൻ പാത്രിയർക്കീസ്, പൗരസ്ത്യകാതോലിക്കേറ്റിനേക്കാൾ ഇളപ്പമുള്ള എത്യോപ്യൻ പാത്രിയർക്കീസിന് തുല്യ അധികാരസ്വാതന്ത്ര്യങ്ങൾ നൽകാൻ വിവേകവും, സഭാസ്നേഹവും കാണിക്കുന്നത് സുറിയാനി സഭാംഗങ്ങൾ കണ്ടുപഠിക്കേണ്ടതാണ്.

രണ്ടാമതായി, ഇരുസഭകളുടെയും സ്വാതന്ത്ര്യവും, വ്യതിരിക്തമായ തുല്യതയും സംരക്ഷിക്കുന്നതോടൊപ്പം ഈ സഭാവിഭാഗങ്ങളുടെ ഐക്യം നിലനിർത്തുന്നതിനുകൂടി ഉടമ്പടി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഈ നയതന്ത്രരേഖയിൽ ഇരുസഭകളുടെയും ഐക്യം നിലനിർത്തുന്നത് ഒരു സഭാധികാരിയുടെ നേതൃത്വത്തിൽ, ഒരു അധികാര ഘടനയിൽ ബന്ധിപ്പിച്ചല്ല. ഇങ്ങനെ ഒരു ആശയം പൗരസ്ത്യ സഭാചിന്തയിലില്ല. സഭയെ ഒന്നാക്കുന്ന ഘടകങ്ങൾ വിശ്വാസം, പാരമ്പര്യം, എന്നിവയുടെ പൊതുത്തം മാത്രമാണ്. ഒരേ വിശ്വാസവും പാരമ്പര്യങ്ങളും നിലനിർത്തുന്നതു വഴി ഇരുസഭകളും സത്യത്തിൽ ഏകമാണ്. അതായത് ഐക്യമുണ്ടാകേണ്ടത് ഒരു സഭാതലവന്റെ കീഴിൽ മറ്റ് സഭാതലവന്മാരെ വച്ച് ഏകഘടന ആക്കി അല്ല. നേരെമറിച്ച് വിശ്വാസപരമായ കാര്യങ്ങളിൽ സമാനതയും പൊതുത്തവും നിലനിർത്തിയും ഇതര കാര്യങ്ങളിലുള്ള വൈവിധ്യം അംഗീകരിച്ചുമാണ്. അന്ത്യോഖ്യാപാത്രിയർക്കീസിന്റെ അധികാരവരുതിയിൽ അല്ലാതെ മലങ്കരസഭയ്ക്ക് നിലനിൽപ്പില്ല എന്ന വാദത്തിന്റെ പൊളിച്ചെഴുത്താണ് ഈ രേഖ.



കോപ്റ്റിക് - എറിട്രിയൻ സഭാ സമാധാന ഉടമ്പടിയിൽ കോപ്റ്റിക് പാത്രിയർക്കീസ് പോപ്പ് ഷെനൗഡാ മൂന്നാമനും എറിട്രിയൻ പാത്രിയർക്കീസ് ആബുനാ ഫിലിപ്പോസും ഒപ്പുവയ്ക്കുന്നു

അതോടൊപ്പം ഈ സഭകളുടെ ഐക്യത്തിന്റെ സാക്ഷ്യം എങ്ങനെ നിർവ്വഹിക്കും എന്നുകൂടി ഈ രേഖ വ്യക്തമാക്കുന്നു. ഇരുപാത്രിയർക്കീസുമാരുടെയും പേരുകൾ പ്രത്യേക അവസരങ്ങളിൽ തുബ്ദേനിൽ ഇരുസഭകളിലും ഓർക്കുക, സുന്നഹദോസുകളുടെ സംയുക്ത യോഗങ്ങൾ ഓരോ പാത്രിയർക്കേറ്റിലുംവച്ച് മാറിമാറി നടത്തുക, പാത്രിയർക്കീസുമാരുടെ തെരഞ്ഞെടുപ്പുകൾ, വാഴിക്കലുകൾ ഇവ പങ്കാളിത്തത്തിൽ നടത്തുക, ഇവയെല്ലാമാണ് അതിനുള്ള മാർഗ്ഗങ്ങൾ. വ്യത്യസ്ത-പൂർണ്ണസ്വതന്ത്രസഭകളായി നിൽക്കുമ്പോഴും ഈ വ്യവസ്ഥകൾ സഭകളുടെ ഐക്യത്തിന് സഹായകമാണ്. സുറിയാനിസഭയിലെ അന്ത്യോഖ്യൻ പാത്രിയർക്കേറ്റും മലങ്കരസഭയും തമ്മിലുള്ള ബന്ധത്തിൽ ഇത്തരം ഐക്യ-പാരസ്പര്യ സൂചനകൾ ഇല്ല. അന്ത്യോഖ്യാപാത്രിയർക്കീസിന്റെ പേര് മലങ്കരസഭയിൽ വി.കുർബ്ബാന സമയത്ത് ഓർക്കുന്നു. എന്നാൽ അന്ത്യോഖ്യൻസഭയിൽ പൗരസ്ത്യ കാതോലിക്കോസിന്റെ പേര് ആരാധനയിലും പെരുന്നാൾ ശുശ്രൂഷകളിലും വിട്ടുകളഞ്ഞിരിക്കുന്നു. പൗരസ്ത്യ കാതോലിക്കായുടെ വാഴ്ചയ്ക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനെ ക്ഷണിക്കണമെന്ന് സഭാഭരണഘടന അനുശാസിക്കുന്നു. എന്നാൽ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിലും വാഴിക്കലിലും പൗരസ്ത്യ കാതോലിക്കേറ്റിന്റെ സഹകരണം വ്യക്തമല്ല. അന്ത്യോഖ്യാ പാത്രിയർക്കീസിനെ വഹിക്കാനുള്ള ബാദ്ധ്യത നമുക്ക്. മലങ്കരസഭയുടെ കാതോലിക്കേറ്റിനെ പാത്രിയർക്കീസ് അവഗണിക്കുന്നു. ഇവിടെ എന്ത് പൊരുത്തം?

പാത്രിയർക്കീസിന്റെ കീഴിലെ ഇന്ത്യക്കാരായ മെത്രാപ്പോലീത്താമാർക്കുപോലും അവിടെയുള്ള സുന്നഹദോസിൽ അംഗത്വമില്ല. അതായത് അന്ത്യോഖ്യൻ - മലങ്കരസഭകളിലെ പരസ്പര ബന്ധം വിവേചനപരവും മലങ്കരയിലുള്ളവരെ സംബന്ധിച്ചിടത്തോളം അവഹേളനപരവുമാണ്. കോപ്റ്റിക്-എത്യോപ്യൻ ബന്ധത്തിൽ രണ്ട് സഭകളുടേയും തുല്യതയും വ്യക്തിത്വവും സ്വാതന്ത്ര്യവും പൂർണ്ണമായി നിലനിർത്തുമ്പോഴും വിശ്വാസ-പാരമ്പര്യ കാര്യങ്ങളിൽ സമാനത പാലിച്ച ഏകസഭയുടെ കൂട്ടായ്മയിലും സംഭ്രാതൃത്വത്തിലും കഴിയുന്നതിന്റെ ഉദാത്തസാദ്ധ്യതയാണ് വിവക്ഷിക്കുന്നത്. അന്ത്യോഖ്യാ പാത്രിയർക്കീസിനും അദ്ദേഹത്തിന്റെ ഇവിടെയുള്ള ഭക്തരും വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ആധിപത്യ-വിധേയത്വ ബന്ധമോ, അധിനിവേശ-കൊളോണിയൽ ബന്ധമോ ഇല്ല ഇവിടെ. പകരം ആരോഗ്യകരവും ഐക്യസൂചകവുമായ പാരസ്പര്യ-പങ്കാളിത്വബന്ധമാണ് ഉള്ളത്.

ഈ ഐക്യം അർത്ഥവത്താക്കുന്ന കർമ്മപദ്ധതികളും ഈ രേഖ രൂപകല്പന ചെയ്യുന്നു. സഭാപ്രതിനിധികൾ പരസ്പരം സന്ദർശനം നടത്തണം. സുന്നഹദോസിന്റെ നടപടി രേഖകൾ

പരസ്പരം കൈമാറണം. പ്രത്യേക അവസരങ്ങളിലും ആഘോഷങ്ങളിലും അങ്ങുമിങ്ങും പങ്കെടുക്കണം. മറ്റ് സഭകളുമായുള്ള സംവാദങ്ങളിൽ സംയുക്ത പ്രാതിനിധ്യത്തിൽ, ഇരുസഭകൾക്കുമുള്ള പങ്കാളിത്വം ഉറപ്പ് വരുത്തണം. വേദശാസ്ത്രപഠനം, ആത്മീയ പ്രസ്ഥാനങ്ങൾ, വികസന-സാമൂഹ്യപദ്ധതികൾ, അജപാലനം എന്നീമേഖലകളിലുള്ള സഹകരണം പ്രാവർത്തികമാക്കണം. ഇങ്ങനെ ഈ സഭകൾ രണ്ട് ഭരണസംവിധാനത്തിൽ പൂർണ്ണസ്വാതന്ത്ര്യവും തുല്യതയും വ്യക്തിത്വവും സംരക്ഷിക്കുമ്പോഴും സഭകളുടെ ഐക്യവും കൂട്ടായ്മയും അർത്ഥവത്താക്കുക എന്ന ചിന്ത പ്രകടമാക്കുന്നു. ഇന്ത്യയിലെ സുറിയാനി ക്രിസ്ത്യാനികളും അന്ത്യോഖ്യാ പാത്രിയർക്കീസും ഈ രേഖ മനസ്സിരുത്തി വായിച്ചിരുന്നെങ്കിൽ ഇവിടെയും സമാധാനത്തിനുള്ള വഴി തുറക്കുമായിരുന്നു എന്നതിന് സംശയമില്ല. അന്ത്യോഖ്യാ പാത്രിയർക്കീസിനോടുള്ള നിരുപാധിക വിധേയത്വമാണ് സഭാ ഐക്യത്തിനുള്ള ഏകമാർഗ്ഗമെന്ന് ചിന്തിക്കുന്നവർക്ക് ഈ രേഖ ആരോഗ്യകരമായ ബദൽ മാതൃകയാണ്.

എത്യോപ്യൻ - എറിത്രിയൻ സഭകളുടെ പാത്രിയർക്കേറ്റുകൾ അധികാരത്തിലും സ്വാതന്ത്ര്യത്തിലും അലക്സാന്ത്രിയൻ പാത്രിയർക്കീസിന് തുല്യമാണ്. ആദരവിലും സ്ഥാന മുൻഗണന (rank) യിലും മാത്രമാണ് അലക്സാന്ത്രിയൻ പാത്രിയർക്കീസിന് പ്രാമുഖ്യം. ഇത് നിശ്ചയിക്കപ്പെട്ടിരിക്കുന്ന എത്യോപ്യൻ-എറിത്രിയൻ സഭ മേലദ്ധ്യക്ഷൻമാർ പാത്രിയർക്കീസിനാൽ അവരോധിക്കപ്പെട്ടു എന്ന ഒറ്റ കാരണംകൊണ്ടാണ്. അതും നാം മനസ്സിലാക്കേണ്ടകാര്യമാണ്. മലങ്കരസഭയിൽ പാത്രിയർക്കേറ്റ്-കാതോലിക്കേറ്റ് ബന്ധത്തെ വിലയിരുത്തുന്നതിനുള്ള രീതിശാസ്ത്രം അടിസ്ഥാനപരമായി വികലമാണ്. ഓർത്തഡോക്സ് സഭാ ചരിത്രകാരൻമാരും യാക്കോബായ സൈദ്ധാന്തികരും ഇക്കാര്യത്തിൽ അവലംബിക്കുന്ന രീതിശാസ്ത്രം ഒന്നാണ്. അപ്പോസ്തോലിക പിന്തുടർച്ചയും മുൻകാലചരിത്രവും അടിസ്ഥാനമാക്കിയാണ് പഠനവും വിലയിരുത്തലും. ഒരുകൂട്ടർ പാത്രിയർക്കീസ്-കാതോലിക്കാ തുല്യത സ്ഥാപിക്കുന്നതിന് പത്രോസ്-തോമ്മാ സമത്വവും കഴിഞ്ഞകാല ചരിത്രത്തിൽ ഇന്ത്യൻസഭയുടെ സ്വാതന്ത്ര്യവും ഉയർത്തികാണിച്ച് ശ്രമിക്കുന്നു. ഈ രീതിശാസ്ത്രംതന്നെ അവലംബിച്ച് മറുഭാഗം പത്രോസിന് മറ്റ് ശിഷ്യൻമാരുടെ മേലുള്ള അധികാരവും ഇന്ത്യയിലെ സുറിയാനിക്കാരുടെ അന്ത്യോഖ്യായോടുള്ള നിത്യവിധേയത്വത്തിന്റെ ചരിത്രവും വാദത്തിന് അടിസ്ഥാനമായി സ്വീകരിക്കുന്നു. രണ്ട് കൂട്ടരുടേയും നിലപാട് ഉറപ്പിക്കുവാനുള്ള വഴി ഒന്നുതന്നെ. ഇവിടെയാണ് ഈ രേഖ വളരെ വ്യത്യസ്ത രീതിയിൽ സത്യംവെളിപ്പെടുത്തുന്നത്. എറിത്രിയൻ പാത്രിയർക്കീസോ എത്യോപ്യൻ പാത്രിയർക്കീസോ അലക്സാന്ത്രിയൻ പാത്രിയർക്കീസിന് തുല്യരാകുന്നത് ആ സിംഹാസനങ്ങൾ ശ്ലീഹന്മാരാൽ സ്ഥാപിക്കപ്പെട്ടതുകൊണ്ടല്ല; പൗരാണികതയുടെ അടിസ്ഥാനത്തിലുമല്ല. കഴിഞ്ഞകാല ചരിത്രത്തിൽ അവ സ്വതന്ത്രമായിരുന്നുവെന്നതുകൊണ്ടുമല്ല. പ്രത്യുത, അവ രണ്ടും പാത്രിയർക്കേറ്റുകളായി ഉയർത്തപ്പെട്ടു എന്ന ഒറ്റകാരണത്താലാണ്. അതായത് സ്ഥാനന്യായം കൊണ്ട് പാത്രിയർക്കേറ്റിന് സഹചമായ അധികാര-അവകാശ-സ്വാതന്ത്ര്യങ്ങൾ സിദ്ധിക്കുന്നു എന്നതാണ് ഈ കാര്യം. ഇവിടുത്തെ ഓർത്തഡോക്സ്-യാക്കോബായ പണ്ഡിതൻമാരെല്ലാം മനസ്സിലാക്കണം. എറിത്രിയൻ-എത്യോപ്യൻസഭകൾ ശ്ലീഹന്മാരാൽ സ്ഥാപിതമായ സഭകൾ അല്ല. ഏതാനും വർഷങ്ങൾക്കു മുമ്പുവരെ അവ അലക്സാന്ത്രിയൻ പാത്രിയർക്കേറ്റിന് പൂർണ്ണമായി വിധേയപ്പെട്ട് കഴിഞ്ഞിരുന്നവയുമാണ്. എന്നാൽ പാത്രിയർക്കേറ്റുകളായി ഉയർത്തപ്പെട്ടതോടെ അവ പുരാതനമായ അലക്സാന്ത്രിയൻ പാത്രിയർക്കേറ്റിനൊടൊപ്പം സ്വാതന്ത്ര്യവും തുല്യതയും ആർജ്ജിച്ചു. കാതോലിക്കേറ്റ് എന്ന പ്രയോഗവും പാത്രിയർക്കേറ്റ് എന്നതിനു തുല്യമാണ് എന്ന് അർമേനിയൻ-ജോർജിയൻ സഭാദ്ധ്യക്ഷസംജ്ഞകളിൽ നിന്ന് പഠിക്കാവുന്നതേയുള്ളു. അതുകൊണ്ട് പൗരസ്ത്യ കാതോലിക്കായെ പാത്രിയർക്കീസ് എന്നു വിളിച്ച് സ്ഥാനം ഉയർത്താനോ കാതോലിക്കായ്ക്ക് കീഴിൽ പാത്രിയർക്കീസിനെ വാഴിച്ച് അപമാനിക്കാനോ ഒന്നും ഓർത്തഡോക്സുകാരും ഭാരപ്പെടാതിരിക്കുക. കാതോലിക്കാ എന്നത് പാത്രിയർക്കീസിന് തുല്യവും സമാനവുമായ സ്ഥാനമാണെന്ന് മനസ്സിലാക്കിയാൽ ഈ ഓർത്തഡോക്സ്കാരിൽ ചിലരുടെ അപകർഷതാബോധം മാറികിട്ടും.

അലക്സാന്ത്രിയ പാത്രിയർക്കീസ്, സുറിയാനി സഭകൾ ഉൾപ്പെടുന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭകളിലെ ഒന്നാം സ്ഥാനത്തുള്ള പാത്രിയർക്കീസ് ആണ്. അലക്സാന്ത്രിയൻ പോപ്പ് (Pope of Alexandria) എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. മുൻകാലഘട്ടങ്ങളിൽ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നേതൃസ്ഥാനവും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം തന്റെ ഭരണസംവിധാനത്തിൽ കഴിഞ്ഞിരുന്ന രണ്ട്സഭകൾക്ക് പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ച് സ്വതന്ത്രപാത്രിയർക്കേറ്റുകളാക്കി. സഭയുടെ വളർച്ചയ്ക്കും സാക്ഷ്യനിർവ്വഹണത്തിനും അത് ആവശ്യമാണെന്ന് കണ്ടാണ് ഈ നടപടി അദ്ദേഹം സ്വീകരിച്ചത്. അത് ചെയ്തപ്പോൾ അതിനെ അട്ടിമറിക്കുന്ന നീക്കമൊന്നും ഇവിടെ ഉണ്ടായതുപോലെ, ആ സഭകളിൽ ഒന്നിൽ നിന്നും ഉണ്ടായില്ല. ഈ മാതൃക നാമും സ്വീകരിച്ച് നമ്മുടെ സഭയിലും സമാധാനം നേടേണ്ടത് അനിവാര്യമാണ്. അന്ത്യോഖ്യാ വിശ്വാസം എന്നാൽ ഇവിടുത്തെ യാക്കോബായക്കാരെ സംബന്ധിച്ചിടത്തോളം അന്ത്യോഖ്യാപാത്രിയർക്കീസിന്റെ സർവ്വാധിപത്യമാണ്. ഇതിന് വേദശാസ്ത്ര അടിത്തറയൊന്നുമില്ല. മറ്റ് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ അംഗീകരിക്കുന്ന കാര്യവുമല്ല. അതിന്റെ അടിസ്ഥാനത്തിലുള്ള സഭൈക്യത്തിന് അർത്ഥമില്ല, ആയുസ്സുമില്ല. മാത്രവുമല്ല അത് അപകടവുമാണ്. അത്യാവശ്യം പഠനവും ലോകപരിചയവുമുള്ള യാക്കോബായ സഭയിലെ ചിലകൊച്ചു മെത്രാന്മാർപോലും മേൽപ്പറഞ്ഞ അന്ത്യോഖ്യാവിശ്വാസത്തെ വികാരവാഹിനിയായി മാറ്റി മുതലെടുപ്പിന് കൂട്ടുനിൽക്കുമ്പോൾ അവരിലും അടിസ്ഥാന സത്യസന്ധതയുടെ അഭാവമാണ് പ്രകടമാകുന്നത്. പുരാതനമായ അന്ത്യോഖ്യ സിംഹാസനത്തോടുള്ള ആദരവും അതിലെ പുണ്യപിതാക്കന്മാർ മലങ്കരസഭയ്ക്ക് നൽകിയിട്ടുള്ള സേവനങ്ങളെ പ്രതിയുള്ള കടപ്പാടും മനസ്സിൽ സൂക്ഷിച്ചുകൊണ്ടും അതേ സമയം തന്നെ മലങ്കരസഭയുടെ വ്യക്തിത്വവും പൂർണ്ണ സ്വാതന്ത്ര്യവും സംരക്ഷിച്ചുകൊണ്ടും ഏകസഭയുടെ രണ്ട് വിഭാഗങ്ങളായി ദിവ്യമായി കൂട്ടായ്മയിലും സഹകരണത്തിലും പങ്കാളിത്വത്തിലും അന്ത്യോഖ്യാ-മലങ്കരസഭകൾക്ക് ഐക്യത്തിൽ കഴിയാൻ സാധിച്ചിരുന്നെങ്കിൽ എന്ന് ആശിക്കുകയും പ്രാർത്ഥിക്കുകയുമാണ്. അതിനുള്ള മാതൃകയാണ് അലക്സാന്ത്രിയൻ-എത്യോപ്യൻസഭകളുടെ പൗരസ്ത്യ സഭാശാസ്ത്രത്തിൽ അധിഷ്ഠിതമായ ഉഭയ ഉടമ്പടി. ■

കോപ്ററിക് - എത്യോപ്യൻ, കോപ്റ്റിക് - എറിട്രിയൻ ഉഭയഉടമ്പടി 24-27 പേജുകളിൽ.

ഫാ. ഡോ. കെ. എം. ജോർജ്ജ്

# ഐക്യമോ വിഭജനമോ?



1958 ലെ സഭാസമാധാനസമ്മേളനം: പരി: ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായും ഏലിയാസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായും തമ്മിൽ സ്വീകരിക്കുന്നു. പൗലോസ് മാർ പീലക്സിനോസ്, ഗീവർഗീസ് മാർ ഗ്രിഗോറിയോസ്, ഔഗേൻ മാർ തീമോത്തിയോസ് എന്നിവർ സമീപം.

മലങ്കരസഭയിൽ ഐക്യത്തിനു വേണ്ടി യുള്ള ആഗ്രഹവും പ്രാർത്ഥനയും അന്വേഷണവും വ്യർത്ഥവ്യായാമ മാണെന്ന് വിവരമുള്ളവർ പറയുന്നു. എങ്കിലും ആദർശശാലികളായ പലരും ആ വഴിക്ക് അന്വേഷണങ്ങൾ നടത്തുന്നു. ചോദ്യങ്ങൾ ചോദിക്കുന്നു. സമാധാനം നടത്തുന്നവർ അനുഗൃഹീതരാണെന്നും, അവർ ദൈവത്തിന്റെ മക്കളാ ണെന്നും പറഞ്ഞ യേശുവിന്റെ അനുഗാമികൾക്ക് അതല്ലാതെ മാർഗ്ഗം ഒന്നുമില്ല. ഒരുവശത്ത് വിഭജനത്തിന്റെ യുക്തി അതിന്റെ എല്ലാ അധികാര പ്രമത്തതയോടും കലഹവാസനയോടും കൂടി വിജയഭേരി അടിയ്ക്കുന്നു. മറുവശത്ത് ക്രിസ്തുവിന്റെ സുവിശേഷം അക്രമരഹിതമായ അനുരഞ്ജന ത്തിന്റെ മുദൃല ശബ്ദമായി നമ്മുടെ മനസ്സാക്ഷികളിൽ നിമന്ത്രണം ചെയ്യ പ്പെടുന്നു. ഭൂമിയിൽ സൻമനസ്സുള്ളവർ സമാധാനം ലഭിക്കാതെ ഈ പ്രതിസന്ധിയിൽപ്പെട്ടുഴലുന്നു. ലജ്ജയും ദു:ഖവും നിരാശയും അവരെ മൂടുന്നു.

ഇപ്പോഴത്തെ കലഹങ്ങളാണ് അർത്ഥശൂന്യം, സമാധാനമാണ് അർത്ഥപൂർണ്ണവും കാമ്യവും എന്നു വിചാരിക്കുന്ന കുറെപ്പേരെങ്കിലും രണ്ടു ഭാഗത്തുമുണ്ട്. അങ്ങനെയുള്ള ആദർശവാദികളായ ചില ചെറുപ്പ ക്കാരാണ്, ഈ ‘വിശ്വസ്നേഹദർശനം’ ത്രൈമാസികത്തിന്റെ ഒരു ലക്കം കൂടി മലങ്കര സഭാസമാധാനത്തെ ക്കുറിച്ചായിരിക്കണമെന്നും, കോപ്റ്റിക്-എത്യോപ്യൻ സഭകൾ തമ്മിലുണ്ടാക്കിയ ഉടമ്പടി ഒരു പക്ഷേ മലങ്കരസഭയിലും പ്രയോജനപ്പെട്ടേക്കാം എന്നും ചിന്തിച്ചത്. “പ്രത്യാശയ്ക്കെതിരെ പ്രത്യാശിച്ചു” കൊണ്ടാണ്, വ്യർത്ഥമെന്ന്

വിവേകമുള്ളവർ വിശേഷി പ്പിക്കുന്ന ഈ സംരംഭത്തിന് അവർ മുതിരുന്നത്. ലോകത്തിൽ വലിയ കാര്യങ്ങൾ നടന്നിട്ടുള്ളത് ഇത്തരം ഭ്രാന്തുപിടിച്ച ചിന്തകൾ കൊണ്ടു നടന്നിട്ടുള്ള വരിലൂടെയാണ് എന്ന് ചരിത്രവും പഠിപ്പിക്കുന്നുണ്ടല്ലോ. നാം വിതയ്ക്കുന്ന നന്മയുടെ വിത്തുകൾ എപ്പോഴാണ് മുളയ്ക്കുന്നത് എന്നു നമുക്കറിഞ്ഞുകൂടാ. വിത നടത്തിയിട്ട് ഉണ്ടും ഉറങ്ങിയും ഉണർന്നും കഴിയുന്ന കർഷകന്റെ ഉപമ കർത്താവ് പഠിപ്പിച്ചത് ഓർക്കാം. എപ്പോഴാണത് മുളയ്ക്കുന്നത് എന്ന് അയാൾ അറിയുന്നില്ല.

ദൈവരാജ്യത്തിന്റെ നല്ല ചെടികളെ കളകളിൽനിന്ന് തിരിച്ചറിഞ്ഞ് വേർതിരിക്കുന്നത് ലോകാന്ത്യത്തിലായിരിക്കുമെന്നു കർത്താവ് തന്നെ പഠിപ്പിക്കുന്നുണ്ടല്ലോ. അപ്പോൾ, അനിശ്ചിതവും ചിലപ്പോൾ അതിദീർഘമായ കാലയളവ് ആവശ്യപ്പെടുന്നതുമായിരിക്കും നന്മയുടെ വിത്തുകൾ. അതുകൊണ്ട് അവയെ വിതയ്ക്കുന്ന നല്ല മനുഷ്യരെ മഠയന്മാർ എന്ന് വിളിച്ച് നമുക്ക് പരിഹസിക്കാതിരിക്കാം. ദൈവരാജ്യത്തിനുവേണ്ടി വിഡ്ഢികളാകുന്ന ചിലരെയെങ്കിലും ഇടയ്ക്കിടെ കിട്ടിയില്ലെങ്കിൽ, നമ്മുടെ ലോകം ആരോഗ്യത്തോടെ നിലനിൽക്കയില്ല. ''ദൈവത്തിന് ഒന്നുംഅസാദ്ധ്യമല്ലല്ലോ".

**ഉത്തരംകിട്ടാത്ത ചോദ്യങ്ങൾ**

മുൻപ് ചില ലേഖനങ്ങളിലൂടെ ഈ ലേഖകൻ സഭാസമാധാനം സംബന്ധിച്ച് ചോദിച്ച ചില എളിയ ചോദ്യങ്ങൾക്ക്, സഭാനേതാക്കൾ എന്തെങ്കിലും ഒരുത്തരം പറയുമെന്ന് പ്രതീക്ഷിച്ചിരുന്നു. പൂർണ്ണമായ നിശ്ശബ്ദതയും അവഗണനയുമാണ് ചോദ്യങ്ങൾക്ക് ലഭിച്ച ഉത്തരം. എങ്കിലും വീണ്ടും ചോദിക്കുകയാണ്:

1. ഒരേ വിശ്വാസവും ഒരേ ആരാധനയും ഒരേ ഭാഷയും സംസ്ക്കാരവും, പരസ്പരം രക്തബന്ധവുമുള്ള മലങ്കര സഭയിൽ ഒരു വിഭജനം ഇപ്പോൾ ആവശ്യമുണ്ടോ? ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന വേർപിരിവിന് എന്തെങ്കിലും ദൈവശാസ്ത്രപരമോ ധാർമ്മികമോ ആയ അടിസ്ഥാനമുണ്ടോ?

2. ഇപ്പോൾ സൃഷ്ടിച്ചിരിക്കുന്ന വിഭജനം യഥാർത്ഥത്തിൽ ഇരുഭാഗത്തെയും ബഹുഭൂരിപക്ഷം ജനങ്ങൾ ആഗ്രഹിക്കുന്നതാണോ അതോ ഏതാനും സഭാനേതാക്കളും അവരുടെ പിണിയാളുകളും ചേർന്ന് തീരുമാനിച്ച് വിശ്വാസികളുടെ മേൽ അടിച്ചേൽപ്പിച്ചതാണോ?

3. ഇപ്പോൾ സൃഷ്ടിച്ചിരിക്കുന്ന കൃത്രിമമായ ഓർത്തഡോക്സ്-യാക്കോബായ വിഭജനം ദൈവേഷ്ടത്തിനും ദൈവജനത്തിന്റെ താൽപ്പര്യത്തിനും എതിരാണെന്നും, അതിൽനിന്ന് മോചനം പ്രാപിച്ച്, നാം വീണ്ടും അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും മാർഗ്ഗത്തിൽ സഞ്ചരിച്ച് ഒരു സഭയായി തീരണമെന്നും ആത്മാർത്ഥമായ ആഗ്രഹം നമ്മുടെ മേലദ്ധ്യക്ഷന്മാർക്കും അത്മായ നേതാക്കൾക്കും ഉണ്ടോ?

4. നമ്മുടെ പള്ളികളിലും സെമിത്തേരികളിലും തെരുവുകളിലും അരങ്ങേറുന്ന അക്രമവും, കൊലപാതകം വരെയെത്തിയ രക്തചൊരിച്ചിലും കേരളത്തിന്റെ പൊതു സമൂഹത്തിൽ ഇതൊക്കെ സൃഷ്ടിക്കുന്ന ദു:ഖവും പരിഹാസവും വിരുദ്ധസാക്ഷ്യവും, രണ്ടായിരം വർഷത്തെ നമ്മുടെ ക്രിസ്തീയ ചരിത്രത്തിലെ ഏറ്റവും വലിയ കളങ്കമാണെന്ന് നാം തിരിച്ചറിയുന്നുണ്ടോ? ഇതിനുകാരണക്കാർ സാധാരണ വിശ്വാസികളാണോ,

**പള്ളികളിലും സെമിത്തേരികളിലും തെരുവുകളിലും അരങ്ങേറുന്ന അക്രമവും, കൊലപാതകം വരെയെത്തിയ രക്തചൊരിച്ചിലും പൊതു സമൂഹത്തിൽ ഇതൊക്കെ സൃഷ്ടിക്കുന്ന ദു:ഖവും പരിഹാസവും രണ്ടായിരം വർഷത്തെ നമ്മുടെ ക്രിസ്തീയ ചരിത്രത്തിലെ ഏറ്റവും വലിയ കളങ്കമാണെന്ന് നാം തിരിച്ചറിയുന്നുണ്ടോ? ഇതിനുകാരണക്കാർ സാധാരണ വിശ്വാസികളാണോ?**

അതോ നമുക്ക് പേരെടുത്ത് പറയാൻ കഴിയുന്ന ചില സഭാ നേതാക്കളാണോ?

5. ഇരുപത് നൂറ്റാണ്ടായി ഭാരതത്തിൽ നിലനിന്ന മലങ്കരസഭ എന്ന തദ്ദേശീയ ക്രിസ്തീയ സമൂഹം മുൻഗണന നൽകേണ്ട ആത്മീയ ചുമതലകളും സാക്ഷ്യവും ജീവിതശൈലിയും എന്തായിരിക്കണമെന്ന് നാം ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ? അതോ, നമ്മുടെ നിഷ്ക്കളങ്കരായ യുവജനങ്ങളെ തീവ്രവാദത്തിലേക്കും പരസ്പര വിദ്വേഷത്തിലേക്കും, തള്ളിവിട്ട് യേശുക്രിസ്തു എന്തൊക്കെ ഉപദേശിച്ചോ അതിനെല്ലാം എതിരായി ആത്മീയാധികാരത്തിന്റെ മേലാടകളണിഞ്ഞ്, ഉള്ളിൽ ദ്രവ്യാഗ്രഹവും മറ്റും മറ്റും ഒളിപ്പിച്ച്, വടിയും കൊടിയുമായി പാഞ്ഞുനടക്കുന്നതാണോ ഉത്തമ ക്രിസ്തീയശൈലി?

**നിസഹായരായ വിശ്വാസികൾ**

അൽപ്പമെങ്കിലും ദൈവഭയത്തോടും മനസ്സാക്ഷിയോടും കൂടി, നമ്മുടെ സഭാപരമായ ചുറ്റുപാടുകളെ വീക്ഷിക്കുന്ന ഒരു സാധാരണ വിശ്വാസിക്ക് ചോദ്യങ്ങൾ മാത്രമേ കാണുകയുള്ളൂ. സഹവിശ്വാസികൾക്കും ഉത്തരമറിയില്ല. അവരെല്ലാം തീർത്തും നിസ്സഹായരാണ്. നേതൃത്വം പറയുന്ന തനുസരിച്ച്, റാലികൾക്കും പ്രകടനങ്ങൾക്കും ബസ്സുകളിലും ലോറികളിലും അവർ പോയെന്നിരിക്കും. ജനങ്ങൾ മാത്രമല്ല, മിക്ക വൈദികരും നിസ്സഹായരാണ്. ചെറിയൊരു ശമ്പളത്തെ ആശ്രയിച്ച് കുടുംബം പുലർത്തേണ്ടിവരുന്ന അവർക്കും മുകളിൽ നിന്ന് കൽപ്പന വന്നാൽ മറ്റൊന്നുമാവില്ല. വളരെ നന്മകളും സൗഹൃദശേഷിയുമുള്ള വിശ്വാസികളുടെ ഒരു വലിയ സമൂഹത്തെ മുഴുവൻ വേർപാടിന്റെയും വിദ്വേഷത്തിന്റെയും മൂശകളിലിട്ട് വികലമാക്കാൻ കഴിയുന്ന ഒരു മതനേതൃത്വം നിലവിലുണ്ട് എന്ന ദു:ഖ കരമായ സത്യം നാം തിരിച്ചറിയണം. പക്ഷേ നമ്മുടെ ജനങ്ങൾ, ആത്മീയ നേതാക്കളോട് ഉള്ള ആദരവു കൊണ്ടായിരിക്കാം, ഫ്രഞ്ച് വിപ്ലവമൊന്നും ഉണ്ടാക്കാൻ പോവുകയില്ല. അവർ നിശ്ശബ്ദമായി വഴിയൊഴിഞ്ഞ് കൊടുക്കും. അവരെ റാഞ്ചാൻ 'റീത്തുകളും' 'വിരുന്നു'കളുമായി അനേകം കഴുകന്മാർ ചുറ്റുപാടുമുണ്ട് എന്നു നമുക്കറിയാം.

കോപ്റ്റിക് - എത്തിയോപ്യൻ ഉടമ്പടിയെക്കുറിച്ച് വിശദമായി ഈ ലക്കത്തിൽ എഴുതപ്പെട്ടി രിക്കുന്നതു കൊണ്ട്, ഒരുകാര്യം മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. എത്തിയോപ്യക്കാർക്ക് അവരുടെ പൈതൃകത്തെക്കുറിച്ച് അഭിമാനമുണ്ട്. അവർക്കിടയിൽ പല ഗോത്രപ്രശ്നങ്ങളുമുണ്ടെങ്കിലും അവരുടെ പുരാതന ക്രിസ്തീയ

പാരമ്പര്യത്തെ അഖണ്ഡമായി കാത്തുസൂക്ഷിക്കണമെന്ന് ആഗ്രഹമു ണ്ട്. കോപ്റ്റിക് സഭയ്ക്ക് എത്തിയോപ്യയുടെ മേലുണ്ടായിരുന്ന അധികാരം ഒരു വൈദേശിക-കൊളോണിയൽ ആധിപത്യമായിരുന്നു. ഈജിപ്തിൽ സാധാരണ വൈദികരെ സംബോധന ചെയ്യുന്ന പദം (ആബൂനാ) ഉപയോഗിച്ചാണ് അവർ എത്യോപ്യയിലെ മെത്രാന്മാരെ വിളിച്ചത് (സുറിയാനിക്കാർ ഇൻഡ്യയിലെ മെത്രാന്മാരെ 'ആബൂൻ' എന്നുവിളിക്കുന്നതും ഈ അർത്ഥത്തിലാണ്) . കോപ്റ്റിക് സഭയുടെ അധീശത്വവാദത്തിന് കൂട്ടുനിൽക്കാൻ, എത്തിയോപ്യയിൽ നിന്ന സ്വാഭിമാനമുള്ള ആരും തയ്യാറാകാത്തതിനാൽ അവിടെ "കക്ഷികൾ" ഉണ്ടായില്ല. ഉടമ്പടിയിൽ രണ്ടുസഭകളും പരസ്പരം തങ്ങളുടെ സഭാവ്യക്തിത്വത്തെ ആദരിക്കാമെന്ന് തീരുമാനിച്ചു.

**തദ്ദേശീയ സഭാധികാരം**

ഇൻഡ്യയിൽ നിർഭാഗ്യവശാൽ, അങ്ങനെയൊരു സാഹചര്യമല്ല. ഇവിടെ, മലങ്കരസഭയുടെ തനിമയ്ക്കും സ്വാതന്ത്ര്യത്തിനും വേണ്ടി പോരാടിയ സ്വന്തം നാട്ടുകാരായ നേതാക്കളെ അപഹസിക്കയും അനാദരിക്കയും, വിദേശാധികാരികൾക്ക് സ്തുതിപാടുകയും ചെയ്യുന്ന രീതിയാണല്ലോ. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തോടെ രാഷ്ട്രീയ രംഗത്ത് അത് മാറിപ്പോയെങ്കിലും ചില ക്രിസ്തീയ സഭകൾ അത് വിശ്വാസ പ്രമാണമായി പിന്തുടരുന്നു. നമ്മുടെ സഭാധികാരത്തിന്റെ കുറ്റികൾ നമ്മുടെ ഇടയിൽത്തന്നെ ഉറപ്പിക്കു ന്നതിനു പകരം, അത് റോമിലും അന്ത്യോഖ്യയിലും ബാഗ്ദാദിലും ഉറപ്പിക്കാനാണ് നമ്മുടെ ജനങ്ങളെ നാം പഠിപ്പിച്ചത്. അവിടെ നിന്നും ഈ കുറ്റികൾ പറിച്ച് ഇവിടെ ഉറപ്പിക്കുമ്പോൾ മാത്രമേ, ഇവിടെ ഒരു സമാധാന ഉടമ്പടിയ്ക്ക് പ്രസക്തി യുണ്ടാവൂ. 1912ൽ കാതോലിക്കേറ്റ് ഉണ്ടാക്കിയപ്പോൾ, മലങ്കരസഭ ചെയ്തു തുടങ്ങിയത് അതാണ്. അന്ന് അതിനെ എതിർത്തവരുടെയും അപഹസിച്ചവരുടെയും പിൻഗാമികൾ ഇന്ന് അതിനെ അനുകരിച്ച് പുതിയ കാതോലിക്കേറ്റുകൾ സൃഷ്ടിച്ച്, തങ്ങളുടെ തനിമ കാണിക്കാൻ ശ്രമിക്കയാണ്. പക്ഷേ മലങ്കരസഭയെ വിഭജിച്ചുകൊണ്ടാണിത് ചെയ്യുന്നത്.

റോമൻ കത്തോലിക്കാ സഭ ലോകത്തിലെ എല്ലാ ഓർത്തഡോക്സ് സഭകളിലും റീത്തുകൾ ഉണ്ടാക്കി അവയെ ഭിന്നിപ്പിച്ചു. ആദ്യമുണ്ടായ മാറോനീത്താ റീത്തു മുതൽ അവസാനമുണ്ടായ മലങ്കര റീത്തുവരെ നോക്കിയാൽ മനസ്സിലാകും അവർക്ക് റോമിനോടുള്ള ഭക്തി കുറഞ്ഞു കുറഞ്ഞു വരികയാണ്. സ്വന്തം അധികാരസ്ഥാനങ്ങൾ സൃഷ്ടിച്ച്, തദ്ദേശീയ സഭയുടെ തനിമയിലേക്ക് അവ നീങ്ങുകയാണ്. ഇതു നല്ലകാര്യമായിരിക്കാം. പക്ഷേ പൗരസ്ത്യവും തദ്ദേശീയവുമായ മാതൃസഭകളെ ഭിന്നിപ്പിച്ചാണ് അവസാനം മാതൃസഭകളുടെ ഈ നിലപാടിൽ എത്തിയിരിക്കുന്നത്. 'ഏകസഭ' എന്ന ക്രിസ്തീയ ദർശനത്തിന് റോമൻ ശൈലിയിലുള്ള വ്യാജവ്യാഖ്യാനങ്ങൾ നൽകി പുനരൈക്യ സിദ്ധാന്തം സൃഷ്ടിച്ച്, വിശ്വാസികളിൽ കൂടുതൽ കലഹമുണ്ടാക്കി എന്നതിൽ കവിഞ്ഞ പ്രയോജനമൊന്നുമില്ല. റോമാസഭയുമായുള്ള സന്ദിഗ്ധബന്ധത്തെ സ്വന്തം കാര്യലാഭത്തിനുവേണ്ടി നിലനിർത്തുകയും ചെയ്യുന്നു.

**എങ്ങിനെയാണ് ചരിത്രത്തെ വികലമാക്കാനും, സഭകളെ വിഭജിക്കാനും ഉള്ളതിനെ ഇല്ലാതാക്കാനും, ഇല്ലാത്തതിനെ സൃഷ്ടിക്കാനും മനുഷ്യർക്ക് സാധിക്കുന്നത് എന്നതിന് നല്ല ഉദാഹരണമായിരിക്കും സമീപ കാല മലങ്കരസഭയുടെ ചരിത്രം.**

**കൊളോണിയൽ വിധേയത്വം**

മലങ്കരസഭയെ വിഭജിപ്പിക്കുന്ന പല ഘടകങ്ങൾ ഉണ്ട്. മുഖ്യമായും കാണാവുന്നത് നമ്മുടെ കൊളോണിയൽ വിധേയത്വമാണ്. കഴിഞ്ഞ 350 വർഷങ്ങളിലെ ചരിത്രത്തിന്റെ വെളിച്ചത്തിൽ അന്ത്യോഖ്യൻ ആരാധനാ പാരമ്പര്യത്തോട് നന്ദിയും, പാത്രിയർക്കീസ് ബാവാമാരോട് ആദരവും കാണിച്ചുകൊണ്ടുതന്നേ നമ്മുടെ മാർത്തോമ്മാ പാരമ്പര്യവും തദ്ദേശീയ സഭയുടെ അഖണ്ഡതയും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കാൻ നമുക്ക് കഴിയുമായിരുന്നു. നമ്മിൽ ഒരു വിഭാഗം നമ്മുടെ പൈതൃകത്തെയും തദ്ദേശീയ നേതൃത്വത്തെയും തള്ളിപ്പറയുകയും കൊളോണിയൽ അധികാരികളോടെന്നതുപോലെ അന്ത്യോഖ്യൻ നേതൃത്വത്തോട് അന്ധമായ വിധേയത്വം പ്രകടിപ്പിക്കാൻ ജനങ്ങളെ പഠിപ്പിക്കയും ചെയ്യുന്നു. അതേ സമയം, ജനങ്ങളെ അന്ധമായ അന്ത്യോഖ്യാ ഭക്തിയിലേക്ക് നയിച്ച്, ഗുണ്ടാസംഘങ്ങളെയും തീവ്രവാദികളെയും സൃഷ്ടിച്ച് സഭയെ ഭിന്നിപ്പിച്ച് നിർത്തിയിട്ട്, പാത്രിയർക്കീസ് ബാവാമാരുടെ പേരിൽ, സ്വന്തം കാര്യം നടത്തുന്ന നേതാക്കന്മാരാണ് നമ്മുടെ വിഭജനത്തിന്റെ മുഖ്യസംവിധായകർ. അവർക്ക് വാസ്തവത്തിൽ ഒരു പാത്രിയർക്കീസിനോടും തെല്ലും ബഹുമാനമില്ല. കാര്യം സാധിക്കാൻ വേണ്ടി കണ്ണീരൊഴുക്കുകയും കാലുപിടിച്ച് തഴുകുകയും ചെയ്യും. ഇക്കാര്യങ്ങൾ കൊണ്ടൊക്കെയാണ്, ആദ്യമേ സൂചിപ്പിച്ച ചോദ്യങ്ങൾക്ക് എന്തെങ്കിലുമൊരു ഉത്തരം നേതൃസ്ഥാനങ്ങളിൽ നിന്ന് ലഭിച്ചെങ്കിലേ, ഭാവി സമാധാനകാര്യങ്ങൾ സംബന്ധിച്ച് യഥാർത്ഥ്യ ബോധത്തോടെ ചർച്ചകൾ നടത്താനാവൂ എന്ന നിഗമനത്തിൽ എത്തിച്ചേരുന്നത്. ഏതായാലും ഭാവിതല മുറകൾക്ക് ഒരു ചരിത്രസാക്ഷ്യമായെങ്കിലും ഇത്തരം സംരംഭങ്ങളെ നാം രേഖപ്പെടുത്തിവയ്ക്കണം. എങ്ങിനെയാണ് ചരിത്രത്തെ വികലമാക്കാനും, സഭകളെ വിഭജിക്കാനും ഉള്ളതിനെ ഇല്ലാതാക്കാനും, ഇല്ലാത്തതിനെ സൃഷ്ടിക്കാനും മനുഷ്യർക്ക് സാധിക്കുന്നത് എന്നതിന് നല്ല ഉദാഹരണമായിരിക്കും സമീപ കാല മലങ്കരസഭയുടെ ചരിത്രം.

പലകാര്യങ്ങളിലും അകൽച്ചയുള്ള റോമൻ കത്തോലിക്കാ സഭയുമായി പരസ്പരം പള്ളികൾ ഉപയോഗിക്കാനും അടിയന്തിരസന്ദർഭങ്ങളിൽ വൈദിക സേവനം പങ്കിടാനും തീരുമാനമെടുക്കുന്ന സഭകൾക്ക്, സഹോദരവിശ്വാസികളുമായി അതു അനുവദിക്കപ്പെട്ടിട്ടില്ല എന്നത് സാധാരണക്കാരെ കുഴയ്ക്കുന്ന ചോദ്യമാണ്. ശവസംസ്ക്കാരത്തിന്റെ പ്രാർത്ഥനയിൽപ്പോലും വൈദികർക്ക് ഒരുമിച്ച് നിൽക്കാൻ പാടില്ലെന്നും മറ്റും ഉത്തരവുകളിറങ്ങിയാൽ നമുക്ക് എന്ത് ചെയ്യാനാവും? വലിയ കാര്യങ്ങളൊന്നും ഉടനെ സാധിച്ചില്ലെങ്കിലും, ജനങ്ങൾക്ക് ആവശ്യം വരുമ്പോൾ ഇരുഭാഗത്തെയും വൈദികർ ഒരുമിച്ച് നിന്ന്, ആരാധനയും കൂദാശകളും ശവസംസ്ക്കാരങ്ങളും നടത്തിക്കൊടുത്ത്, ഐക്യത്തെക്കുറിച്ച് ചിന്തിക്കാൻ അവസരമൊരുക്കുകയെങ്കിലും ചെയ്യാൻ അധികാരികൾക്കു കഴിയുമല്ലോ. ■

എം. കുര്യൻ തോമസ് & വർഗീസ് ജോൺ

# മലങ്കര സഭകൾ എത്യോപ്യൻ

ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽപ്പെടുന്ന മലങ്കരസഭയുടേയും എത്യോപ്യൻ സഭയുടേയും ചരിത്രം പരിശോധിച്ചാൽ ഒട്ടേറെ സമാനതകൾ കണ്ടെത്താനാകും. ഇരുസഭകൾക്കും അപ്പോസ്തോലിക കാലത്തോളം പാരമ്പര്യമുണ്ട്. മലങ്കരസഭയുടെ സ്ഥാപകൻ വി. മാർത്തോമാ ശ്ലീഹായാണ്. വി. മത്തായി ശ്ലീഹാ എത്യോപ്യ സന്ദർശിച്ചതായിട്ടാണ് എത്യോപ്യൻ സഭയുടെ പാരമ്പര്യം. വി. ഫിലിപ്പോസ് ശെമ്മാശനെയും (അപ്പോസ്തല പ്രവൃത്തികൾ 8:26–40) എത്യോപ്യൻസഭയുടെ സ്ഥാപകനായി വിശേഷിപ്പിക്കാറുണ്ട്. ഇരുസഭകളുടേയും നാലാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടം ഇരുളടഞ്ഞതാണ്.

പഴയ റോമാസാമ്രാജ്യത്തിനു പുറത്ത് പ്രത്യക്ഷമായോ പരോക്ഷമായോ പാശ്ചാത്യസ്വാധീനം ഇല്ലാതെ വളർന്ന രണ്ടേരണ്ട് സഭകളാണിവ. ഇരുസഭകളും തങ്ങളുടെ പ്രാദേശിക സംസ്കാരങ്ങളും പാരമ്പര്യങ്ങളും മുറുകെ പിടിക്കുന്ന ദേശീയ സഭകളാണ്. നാലാം നൂറ്റാണ്ടിൽ മലങ്കരസഭ പേർഷ്യൻസഭയുമായി ബന്ധപ്പെട്ടു. ഇതേകാലത്ത് എത്യോപ്യൻസഭ കോപ്ടിക് സഭയുടെ പുത്രീസഭയായി തീർന്നു. എത്യോപ്യൻസഭയുടെ ഔദ്യോഗിക തുടക്കം തന്നെ ഇങ്ങനെയായിരുന്നുവെന്നാണ് ചില സഭാ ചരിത്രകാരൻമാരുടെ കണ്ടെത്തൽ.

അലക്സാന്ത്രിയായിലെ കോപ്റ്റിക് പാത്രിയാർക്കീസുമാർ (പോപ്പ്) വാഴിച്ചയയ്ക്കുന്ന മെത്രാന്മാരാണ് (ആബൂന) എത്യോപ്യൻസഭയ്ക്ക് ആത്മീയ നേതൃത്വം നൽകി വന്നിരുന്നത്. ഇവർ എപ്പോഴും ഈജിപ്റ്റുകാരായ കോപ്റ്റിക് സഭാംഗങ്ങളായിരുന്നു. അതേസ്ഥാനത്ത് സെലൂഷ്യയിലെ കാതോലിക്കാമാർ (ബാബിലോണിയ പാത്രിയർക്കീസ്) വാഴിച്ചയയ്ക്കുന്ന മെത്രാന്മാരാണ് മലങ്കരസഭയ്ക്ക് ആത്മീയ നേതൃത്വം നൽകി വന്നിരുന്നത്. ഇവർ എപ്പോഴും പേർഷ്യൻ വംശജരായ പൗരസ്ത്യ സുറിയാനി സഭാംഗങ്ങളായിരുന്നു. ഇതുകൂടാതെ പതിമൂന്നാംനൂറ്റാണ്ടുമുതൽ തദ്ദേശീയരായ എച്ചഗേ മാർ (ആർച്ച് പ്രീസ്റ്റ്) എത്യോപ്യൻസഭയ്ക്ക് ഭരണ നേതൃത്വം നൽകി വന്നു. 16–ാം നൂറ്റാണ്ടുവരെ മലങ്കരസഭയിലുണ്ടായിരുന്ന 'അർക്കദ് യാക്കോൻ' പദവിക്ക് സമാനമാണ് കോപ്റ്റിക് ബിഷപ്പിന് കീഴിലുണ്ടായിരുന്ന 'എച്ചഗേ' പദവി. മലങ്കരയിലെ അർക്കദ് യാക്കോൻ കൽദായ പാരമ്പര്യപ്രകാരം വൈദീകരിലെ പരമോന്നത സ്ഥാനിയാണ്.

എത്യോപ്യ, പോർച്ചുഗീസ് ബന്ധത്തിലായിരുന്ന കാലത്ത് (1543–1636) 10 വർഷക്കാലം (1626–1636) റോമാസഭാ എത്യോപ്യൻസഭയെ കീഴിലാക്കി. ഇതേകാലത്തുതന്നെയാണ് (1599–1653) മലങ്കരസഭയെ റോമസഭ കീഴിലാക്കിയത്. എത്യോപ്യൻ ഭരണാധികാരികൾ റോമൻ കത്തോലിക്ക പുരോഹിതരെ പുറത്താക്കി സ്വാതന്ത്ര്യം പ്രാപിച്ചു. സിവിൽ ഭരണാധികാരമില്ലാതിരുന്ന മലങ്കരസഭ 1653 ലെ മഹത്തായ കൂനൻ കുരിശ് വിപ്ലവത്തിലൂടെ സ്വയം സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി.

ഇറ്റാലിയൻ അധിനിവേശകാലത്ത് (1935–1941) എത്യോപ്യൻസഭയിൽ നിന്ന് കുറെപേരെ റോമാസഭയിൽ ചേർത്ത് എത്യോപ്യൻ കാതോലിക്കാറീത്തുണ്ടാക്കി. അതുപോലെ മലങ്കരസഭയിൽ നിന്ന് അടർത്തിയെടുത്ത അതിന്യൂനപക്ഷത്തെ ചേർത്ത് 1930 ൽ സീറോ മലങ്കര റീത്തും രൂപീകരിച്ചു. പാശ്ചാത്യ മിഷനറിമാർ വിതച്ച വേദവിപരീതങ്ങൾ എത്യോപ്യയിലും മലങ്കരയിലും 19,20 നൂറ്റണ്ടുകളിൽ നിലനിന്നിരുന്നു.

മലങ്കര–അന്ത്യോഖ്യൻ ബന്ധത്തിന് 1665 ൽ തുടക്കം കുറിച്ചെങ്കിലും 1876 ലെ മുളന്തുരുത്തി സുന്നഹദോസിലാണ് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മീയ മേലധികാരം മലങ്കരസഭ ഔദ്യോഗികമായി അംഗീകരിച്ചത്. എങ്കിലും മലങ്കരസഭയുടെ ആത്മീകവും ലൗകീകവുമായ പൂർണ്ണ ഭരണാധികാരം വി. മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരുഢനായ തദ്ദേശീയനായ മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരുന്നു.

അന്ത്യോഖ്യാപാത്രിയാർക്കീസിന്റെ സഹകരണത്തോടെ മലങ്കര സുന്നഹദോസ് 1912 ൽ വി. മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ പൗരസ്ത്യ കാതോലിക്കായെ വാഴിച്ചതോടെ മലങ്കരസഭ പൂർണ്ണ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും കൈവരിച്ചു. കോപ്ടിക് പാത്രിയർക്കീസ്, 1951 ൽ എത്യോപ്യക്കാരനായ ആബൂനായെ വാഴിച്ചതോടെ സ്വയം ഭരണാവകാശവും, 1959 ൽ പാത്രിയർക്കീസിനെ വാഴിച്ചതോടെ സ്വയം ശീർഷകത്വവും എത്യോപ്യൻസഭ കൈവരിച്ചു.

വിശ്വാസികളുടെ എണ്ണത്തിന്റെ കാര്യത്തിലും ചില സമാനതകളുണ്ട്. കോപ്ടിക് സഭയുടെ 5 മടങ്ങിലധികമാണ് എത്യോപ്യൻസഭയുടെ അംഗസംഖ്യ. അതുപോലെ അന്ത്യോ

➔

ജോർജ്ജ് അലക്സാണ്ടർ

# മലങ്കര സഭാസമാധാനം ഒരു ആഗോള വീക്ഷണം

മലങ്കര ഓർത്തഡോക്സ്(Indian orthodox) സിറിയൻ ഓർത്തഡോക്സ് (യാക്കോബായ സുറിയാനി സഭ) സഭകൾ തമ്മിലുള്ള വഴക്കുകളും പ്രശ്നങ്ങളും കാലാകാലങ്ങളായി തുടർന്നു വരുന്നു. പല തലത്തിലും, രീതിയിലും ശ്രമിച്ചിട്ടും തീരാത്ത ഈ പ്രശ്നം കൂടുതൽ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചും കൊണ്ടിരിക്കുന്നു.



കാനോനിക ഉക്രേനിയൻ ഓർത്തഡോക്സ് സഭയും (മോസ്കോ പാത്രിയർക്കേറ്റ്) കീവ് ആസ്ഥാനമായുള്ള സ്വയം പ്രഖ്യാപിത ഉക്രേനിയൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള പ്രാരംഭ ഐക്യചർച്ചകൾ

സഭാ പ്രശ്നത്തെ ഒരു ആഗോള കാഴ്ചപ്പാടിൽ വിലയിരുത്തുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു.

ഒരു കാര്യം വളരെ പ്രസക്തമാണ് ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ പോലെ സമാന സ്വഭാവത്തിൽ പ്രശ്നങ്ങൾ ഉള്ള പല ഓർത്തഡോക്സ് സഭകൾ ഇന്ന് ലോകത്തുണ്ട്. ഇത് കേരളത്തിലേയോ ഇന്ത്യയിലെയോ രണ്ട് ക്രൈസ്തവ വിഭാഗങ്ങൾ തമ്മിൽ മാത്രം നിലനിൽക്കുന്ന പ്രശ്നമല്ല എന്ന ഒരു അവബോധം നമുക്കാവശ്യമാണ്. പക്ഷേ ഇന്ത്യയിലൊഴിച്ച് മറ്റെല്ലാ സ്ഥലങ്ങളിലേയും സഭാ പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കുകയോ ഒത്തു തീർക്കുവാൻ ചർച്ചകൾ നടക്കുകയോ ചെയ്യുന്നുണ്ട് എന്ന പ്രത്യേകത എടുത്തു പറയേണ്ടതുണ്ട്. ഇവയെന്തൊക്കെയാണെന്ന് നോക്കാം.

---

➔

ഖ്യൻസഭയുടെ 5 മടങ്ങിലധികമാണ് മലങ്കരസഭയുടെ അംഗസംഖ്യ.

മലങ്കര-എത്യോപ്യൻസഭ തലവന്മാർ, സ്വതന്ത്ര പരമാധികാരികളായ കാതോലിക്ക-പാത്രിയർക്കീസുമാരായിട്ടും തങ്ങളുടെ പുരാതന തദ്ദേശീയസഭകളിലെ സ്ഥാന നാമങ്ങൾ ഉപേക്ഷിച്ചിട്ടില്ല. 'മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തിലെ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലിത്തായും, 'എത്യോപ്യയുടെ പാത്രിയാർക്കിസും വി. തെക്ലേഹൈമനോത്തിന്റെ സിംഹാസനത്തിലെ എച്ചഗ്വേയും' എന്നിങ്ങനെയാണ് യഥാക്രമം ഈ സഭാതലവന്മാരുടെ സ്ഥാനനാമങ്ങൾ.

സ്വയം ശീർഷകസഭകളായ എത്യോപ്യൻസഭയുടേയും എറിട്രിയൻ സഭയുടേയും പാത്രിയർക്കീസുമാർ അലക്സാന്ത്രിയായിലെ കോപ്ടിക് പാത്രിയാർക്കീസിന് (പോപ്പ്) 'സമന്മാരിൽ മുമ്പൻ' എന്ന സ്ഥാനം നൽകിയിരിക്കുന്നു.എന്നാൽ കോപ്ടിക് പോപ്പിന് ഈ സഭകളുടെ മേൽ മേൽകോയ്മ ഇല്ലതാനും. മലങ്കരസഭാ ഭരണഘടന (1934) പ്രകാരം അന്ത്യോഖ്യാപാത്രിയർക്കീസിന് 'സമന്മാരിൽ മുമ്പൻ 'എന്ന സ്ഥാനം നൽകിയിട്ടുണ്ട്.

മലങ്കരസഭയുടെ ചരിത്രവും ക്രൈസ്തവ ലോകത്തിന്റെ ഇന്നത്തെ അവസ്ഥയും യഥാർത്ഥമായി മനസ്സിലാക്കിയാൽ മലങ്കരസഭയിലെ കക്ഷി വഴക്കിന്റെ യുക്തിരാഹിത്യം മനസ്സിലാകും. അന്ത്യോഖ്യാ പാത്രിയർക്കീസിനെ പരമാധികാരിയായി അംഗീകരിക്കുന്ന മലങ്കരയിലെ യാക്കോബായ വിഭാഗത്തിന് - അവർ യഥാർത്ഥ അന്ത്യോഖ്യൻ സഭാംഗങ്ങളെക്കാൾ കൂടുതലാണെങ്കിലും - അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിൽ യാതൊരു പങ്കാളിത്വവുമില്ല.

▪

1. കോപ്റ്റിക് - എത്യോപ്യൻ ഓർത്തഡോക്സ് സഭകൾ തമ്മിൽ പതിറ്റാണ്ടുകളായി നിന്നിരുന്ന പ്രശ്നങ്ങൾ, സിലീഷ്യയിലെ അർമീനിയൻ കാതോലിക്ക ആരാം ഒന്നാമന്റെ ഇടപെടൽ മൂലവും, രണ്ടു സഭകൾ തമ്മിലുള്ള പൂർണ സഹകരണം കൊണ്ടും 2007 ൽ ഒത്തു തീർപ്പായി. രണ്ടു സഭകളുടെയും സുന്നഹദോസുകൾ ചുമതലപ്പെടുത്തിയ കമ്മറ്റികളുടെ പ്രവർത്തനം പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരം കാണാൻ കഴിഞ്ഞു. മലങ്കരയിലെ സഭാ പ്രശ്നങ്ങളുമായി ഇതിന് വളരെ സാമ്യമുണ്ട്. കോപ്റ്റിക് - എത്യോപ്യൻ സഭകളുടെ സമാധാന ശ്രമങ്ങളും രേഖകളും നമുക്ക് ഒരു മാതൃകയാക്കുവാൻ സാധിക്കും.

2. അർമീനിയൻ ഓർത്തഡോക്സ് സഭയിൽ 1441 മുതൽ രണ്ട് കാതോലിക്കാമാരുണ്ട്. ഇവർ തമ്മിൽ കൂടിക്കാഴ്ച നടത്തുകയും പരസ്പരം സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. ഒരു സഭയാക്കാനുള്ള നീക്കങ്ങൾ അനൗദ്യോഗികമായി നടക്കുന്നുണ്ട്. ഈ കാതോലിക്കേറ്റുകൾ തമ്മിൽ ശക്തമായ സ്നേഹവും സഹകരണവും നിലനിൽക്കുന്നു. 1999 ൽ കാലം ചെയ്ത സുപ്രീം കാതോലിക്ക പാത്രിയർക്കീസ് പരി.കരേക്കിൻ ഒന്നാമൻ നേരത്തെ സിലീഷ്യായിലെ കാതോലിക്ക(കരേക്കിൻ രണ്ടാമൻ സർക്കീസിയാൻ)ആയിരുന്നു എന്നുള്ളത് കൗതുകം ഉണർത്തുന്ന വസ്തുതയാണ്.

3. ഉക്രയിനിൽ ഓർത്തഡോക്സ് സഭകൾ മൂന്നാണ്. റഷ്യൻ സഭക്കു കീഴിലുള്ള കാനോനികമായ ഉക്രേനിയൻ ഓർത്തഡോക്സ് സഭയാണ് അതിൽ പ്രബലമായത്. രണ്ടാമത്തെ സഭ സ്വയം പ്രഖ്യാപിതമായ കീവ് പാട്രിയർക്കേറ്റിന് കീഴിലുള്ളതാണ്. മൂന്നാമത്തേത് ഒരു മെട്രോപ്പോലിറ്റൻ ഓർത്തഡോക്സ് സഭയാണ്. (ഇവ രണ്ടും കാനോനികമല്ല) ഇവിടുത്തെ സാഹചര്യം കണക്കിലെടുത്ത്, റഷ്യൻ സഭയുടെ കീഴിലുള്ള സഭ, മറ്റു രണ്ടു സഭകളുമായി സമാധാന ചർച്ച ആരംഭിച്ചിരിക്കുകയാണ്. സ്വയം പ്രഖ്യാപിത കീവ് ഓർത്തഡോക്സ് സഭയും കാനോനികമായ ഉക്രേനിയൻ സഭയും തമ്മിൽ ശക്തമായ ചർച്ചകൾ നടന്നു വരുന്നു. രണ്ടു സഭകളുടെയും സുന്നഹദോസുകൾ ചുമതലപ്പെടുത്തിയ കമ്മിറ്റികളാണ് ഈ ചർച്ചകൾ കൈകാര്യം ചെയ്യുന്നതെന്നത് ശ്രദ്ധേയമാണ്.

4.. ഇസ്റ്റോണിയ എന്ന രാജ്യത്ത് രണ്ട് തലവൻമാരുടെ കീഴിലുള്ള രണ്ട് ഓർത്തഡോക്സ് സഭകളുണ്ട്. ഒരു സഭ എക്യുമെനിക്കൽ പാത്രിയാർക്കീസിന്റെ കീഴിലും, മറ്റേ സഭ റഷ്യൻ പാത്രിയർക്കീസിന്റെ കീഴിലുമാണ്. രണ്ടു സഭാതലവൻമാരുടെയും സ്ഥാനമാനം ഒന്നാണെന്നുള്ളത് കൗതുകം ഉണർത്തും. മെത്രാപ്പോലീത്തൻ ഓഫ് ടിറാന & ആൾ ഈസ്റ്റോണിയ (Metropolitan of Tirana and All Estonia) എന്നാണത്. ഈ സഭകൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ അടുത്തിടെ നടന്ന എക്യുമെനിക്കൽ - റഷ്യൻ പാത്രിയർക്കീസുമാരുടെ കൂടിക്കാഴ്ചയിൽ ധാരണയായിട്ടുണ്ട്.



റഷ്യൻ പാത്രിയർക്കിസ് പ. കിറിലും എക്യുമെനിക്കൽ പാത്രിയർക്കിസ് പ. ബർത്തലോമിയ ഒന്നാമനും

5. മോൾഡോവ എന്ന രാജ്യത്ത് മോൾഡോവൻ ഓർത്തഡോക്സ് സഭയും (റഷ്യൻ പാത്രിയർക്കേറ്റ്) റുമേനിയൻ ഓർത്തഡോക്സ് സഭയുടെ സ്വയം ഭരണാവകാശമുള്ള ബ്രർസ്ബേറിയ അതിഭദ്രാസനവും തമ്മിലുണ്ടായിരുന്ന പ്രശ്നങ്ങൾ മിക്കവാറും പരിഹരിച്ച് കഴിഞ്ഞു എന്ന് അവിടുന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

6. ഓർത്തഡോക്സ് സഭയല്ലെങ്കിലും അസീറിയൻ സഭകൾ തമ്മിലുള്ള പ്രശ്ന പരിഹാര ശ്രമങ്ങൾ വളരെ വേഗം പുരോഗമിക്കുന്നു. അസീറിയൻ ചർച്ച് ഓഫി ദ ഈസ്റ്റും (ദിൻഹാ നാലാമൻ പാത്രിയർക്കീസിനു കീഴിൽ) ഏൻഷ്യന്റ് ചർച്ച് ഓഫ് ദ ഈസ്റ്റും വർഷങ്ങളായി വിഘടിച്ചു നിൽക്കുകയായിരുന്നു. കൂട്ടായ ശ്രമത്തോടെ ഒരു സഭയായിതീരുവാൻ അവർ തീരുമാനം എടുത്തിട്ടുണ്ട്. 2010 ൽ നടക്കുന്ന അസീറിയൻ ഗ്ലോബൽ സിനഡിന് (Global synod)ശേഷം ഒരു സഭയാകുമെന്ന് റിപ്പോർട്ടുകൾ പറയുന്നു. കേരളത്തിലുണ്ടായിരുന്ന ഇരുകക്ഷികളും 1995ൽ യോജിച്ചു. കേരളത്തിലെ ഇവാഞ്ചലിക്കൽ സഭ രണ്ടുകക്ഷികളായിരുന്നത് ഈ അടുത്തകാലത്ത് യോജിച്ച് ഒരു സഭയായിതീർന്നു.

കാലം ഒരുപാട് പുരോഗമിച്ചിരിക്കുന്നു. ബദ്ധ ശത്രുക്കളായിരുന്ന പല രാജ്യങ്ങളും രാഷ്ട്രീയ പാർട്ടികളും തമ്മിൽ കൈകൊടുക്കുവാൻ തുടങ്ങിയിരിക്കുന്നു. റഷ്യയും അമേരിക്കയും ചൈനയും തമ്മിലും സൗഹൃദം പങ്കിടുന്നു. ഒരിക്കലും യോജിക്കില്ലെന്നു കരുതിയ ഉത്തരകൊറിയയും ദക്ഷിണ കൊറിയയും തമ്മിൽ സമാധാനചർച്ചകൾ നടക്കുന്നു. രണ്ടായി നിന്നിരുന്ന ജർമ്മനിയും വിയറ്റ്നാമും യമനും ഒന്നായിതീർന്നു. പാശ്ചാത്യ - പൗരസ്ത്യ സൗഹൃദം കൂടുന്ന ഈ അവസരത്തിൽ ഒരേ വിശ്വാസം മുറുകെ പിടിക്കുന്ന സഭകൾ തമ്മിൽ സമാധാനവും ഐക്യവും എന്തുകൊണ്ടുണ്ടായിക്കൂടാ? അതല്ലെങ്കിൽ രണ്ടു സഭകളായി രണ്ടു സുന്നഹദോസുകളായി നിന്നുകൊണ്ട് ഓർത്തഡോക്സ് - യാക്കോബായ സമൂഹങ്ങൾക്ക് ഒരുമിച്ചു വരുവാനും സമാധാനം പങ്കുവെക്കുവാനും സാധിക്കും. ഓർത്തഡോക്സിയെകുറിച്ചുള്ള ശരിയായ ധാരണ, ശക്തമായ സഭാനേതൃത്വം, ക്രിയാത്മകമായ തീരുമാനങ്ങൾ പരസ്പര വിശ്വാസവും സ്നേഹവും സഹകരണവും എന്നിവ ഉണ്ടായെങ്കിലേ സമാധാനം ശാശ്വതമാകൂ.

**പിമ്പാമ്പുറം**

ശത്രുക്കളായ റഷ്യൻ ഓർത്തഡോക്സ് സഭയും റോമൻ കത്തോലിക്ക സഭയും തമ്മിൽ സൗഹൃദം പങ്കിടുന്ന ഈ കാലത്ത് ഓർത്തഡോക്സ് - യാക്കോബായ സഭാ പ്രശ്നം ഒരു കെട്ടുകഥയാണെന്നേ അന്താരാഷ്ട്ര സമൂഹം വിലയിരുത്തുകയുള്ളൂ. ■

OBL Forum മുഖ്യവക്താവാണ് ലേഖകൻ

# മലങ്കരസഭയുടെ ഐക്യത്തിന്
# ചില നിർദ്ദേശങ്ങൾ

മലങ്കരസഭയുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യം എന്നതിനുപരി, മലങ്കരസഭയിലെ ബഹുഭൂരിപക്ഷം വിശ്വാസികളുടേയും ആഗ്രഹമാണ്. മലങ്കര സഭയിൽ ഐക്യമുണ്ടായാൽ അതിൽ ബഹുഭൂരിപക്ഷം വിശ്വാസികളും സന്തോഷിക്കുമെന്നുള്ളത് നിസംശയമാണ്. ഓർത്തഡോക്സ് ക്രൈസ്തവ ലോകം അതിൽ അഭിമാനം കൊള്ളും.

ബഹുമാനപ്പെട്ട സുപ്രീംകോടതി പോലും മലങ്കരസഭയിൽ രണ്ടുകക്ഷികളുള്ളതായി അംഗീകരിക്കുന്നില്ല. എങ്കിലും വിഭാഗീയത നിലനിൽക്കുന്നു എന്നതാണ് വാസ്തവം. ബഹുമാനപ്പെട്ട സുപ്രീംകോടതിയെപ്പോലെ സഭയെ ഏകമായി കാണാനാണ് സഭാംഗങ്ങളിൽ ഭൂരിപക്ഷവും ആഗ്രഹിക്കുന്നത്. എന്നാൽ ഇരുവിഭാഗത്തിലേയും വിരലിലെണ്ണാവുന്ന ചിലവ്യക്തികൾ സഭാഐക്യത്തിന് എതിരു നിൽക്കുകയും വിഭജനം മാത്രമാണ് സമാധാനത്തിനുള്ള ഏകമാർഗ്ഗമെന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ മലങ്കരസഭ വിഭജിച്ചുപിരിയുന്നതിന് ഒരു കാരണവും കാണുന്നില്ല. യോജിപ്പിനേക്കാൾ സങ്കീർണ്ണമാണ് വിഭജനം. വിശ്വാസത്തിന്റെ കാര്യം മലങ്കരസഭാപ്രശ്നത്തിലില്ല; സ്വത്തും വിഷയമല്ല. അതുകൊണ്ട് മനസ്സുവെച്ചാൽ സമാധാനത്തിനും യോജിപ്പിനും തടസ്സമില്ല.

ഈ സാഹചര്യത്തിൽ വിശ്വാസം, ആരാധനാക്രമം, ആചാരം, സംസ്കാരം, ഭാഷ, പ്രദേശം തുടങ്ങി എല്ലാ കാര്യങ്ങളിലും ഒന്നായിരിക്കുന്ന മലങ്കരസഭയിലെ ഇരുവിഭാഗങ്ങളും ഒന്നാകുന്നതിന് ഒരു മാർഗരേഖ ഞങ്ങളവതരിപ്പിക്കുകയാണ്. ഇരുവിഭാഗത്തിലേയും വിശ്വാസികളുടെ നിരവധി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച് പത്രാധിപ സമിതി രൂപംകൊടുത്തതാണിത്. മലങ്കരസഭയിൽ ഐക്യത്തിലൂടെ സമാധാനം സംജാതമാകണം എന്ന് ഒറ്റ ലക്ഷ്യം മാത്രം വച്ചുകൊണ്ട് ചില നിർദ്ദേശങ്ങൾ ക്രോഡീകരിക്കാൻ ശ്രമിച്ചു എന്നുമാത്രം. സമാധാന കാംക്ഷികൾ ചർച്ചയിലൂടെയും അർത്ഥപൂർണ്ണമായ സംവാദത്തിലൂടേയും പരിശുദ്ധാത്മ നിറവിൽ ഇത് പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനെ ഒരു നക്കലായെങ്കിലും പരിഗണിച്ച് ഐക്യകരാറിന് രൂപംകൊടുത്ത് നടപ്പാക്കിയാൽ ഞങ്ങൾ കൃതാർത്ഥരായി.

1. യോജിക്കുന്ന സഭയുടെപേര് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ (Malankara Orthodox Syrian church) എന്നായിരിക്കണം. മലങ്കര സഭയുടെ സുവർണ്ണകാലഘട്ടം എന്ന വിശേഷിപ്പിക്കാവുന്ന 1958–1975 കാലത്തെ അവിഭക്ത സഭയുടെ പേരും ഇതുതന്നെയായിരുന്നു.

2. സഭയിലെ അംഗങ്ങളായ എല്ലാ വിശ്വാസികൾക്കും ഭരണഘടകങ്ങൾക്കും 1934 ലെ മലങ്കരസഭ ഭരണഘടനയും 1958, 1995 വർഷങ്ങളിലെ



സുപ്രീം കോടതി വിധികളും മറ്റു കോടതി ഉത്തരവുകളും ബാധകമായിരിക്കും. ആവശ്യമെങ്കിൽ യോജിച്ച സഭയിൽ 10 വർഷം കഴിഞ്ഞ് ഭരണഘടനാഭേദഗതിയെപ്പറ്റി ആലോചിക്കണം.

3. പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായ്ക്ക് മലങ്കരസഭാ ഭരണഘടനയും സുപ്രീം കോടതി വിധികളും അനുസരിച്ചുള്ള എല്ലാ അവകാശങ്ങളും ആദരവുകളും ഉണ്ടായിരിക്കും.

4. പരസ്പരമുള്ള മുടക്കുകളും മറ്റു നടപടികളും പിൻവലിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവായും പരിശുദ്ധ കാതോലിക്കാബാവായും പരസ്പരം സ്വീകരിക്കണം.

5. അടുത്ത രണ്ട് മൂന്ന് വർഷത്തേക്ക് ഇരുകക്ഷികളും കൂടുതൽ മേൽപ്പട്ടക്കാരെ വാഴിക്കുന്നത് അഭികാമ്യമല്ല.

6. ഇരുകക്ഷികളിലെയും നിലവിലുള്ള മേല്പട്ടക്കാർ ഒരു നിശ്ചിത കാലത്തേക്ക് അതതു സ്ഥാനങ്ങൾ തുടരേണ്ടതാണ്.

7. 2012 മാർച്ചിൽ കൂടുന്ന മലങ്കര അസോസിയേഷൻ യോജിച്ച സഭയുടെ വൈദീകട്രസ്റ്റിയേയും അല്മായട്രസ്റ്റിയേയും(ഇരുഭാഗത്തുനിന്നും ഓരോ സ്ഥാനി) മാനേജിംഗ് കമ്മററിയേയും തെരഞ്ഞെടുക്കേണ്ടതാണ്.

8. യോജിച്ച സഭയുടെ തലവന്റെ കാര്യത്തിൽ താഴെപ്പറയുന്ന ഏതെങ്കിലും ഒരുമാർഗ്ഗം സ്വീകരിക്കാവുന്നതാണ്.

a) ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാബാവ, പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവായുടെ പിൻഗാമിയായി പൗരസ്ത്യ കാതോലിക്കായുടേയും മലങ്കര മെത്രാപ്പോലീത്തായുടേയും സ്ഥാനങ്ങൾ വഹിക്കണം. പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ ദിദിമോസ് ദ്വിതീയൻ എന്നപേര് പുതിയ സ്ഥാനി സ്വീകരിക്കണം. ശ്രേഷ്ഠ നിയുക്ത കാതോലിക്ക പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത ശ്രേഷ്ഠ തോമസ് പ്രഥമന്റെ( പരിശുദ്ധ ദിദിമോസ് ദ്വിതീയൻ) പിൻഗാമിയാകണം. പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ "പരിശുദ്ധ ബസേലിയോസ് മാർതോമ്മാ പൗലോസ് ദ്വിതീയൻ (തൃതീയൻ?) എന്ന പേരിൽ അദ്ദേഹം സ്ഥാനാരോഹണം ചെയ്യണം.

b) പരിശുദ്ധ ബസേലിയോസ് മാർതോമ്മാ ദിദിമോസ് പ്രഥമനുശേഷം പൗരസ്ത്യ കാതോലിക്കായുടെയും മലങ്കരമെത്രാപ്പോലീത്തായുടേയും സ്ഥാനങ്ങൾ തൽക്കാലം വിഭജിക്കണം. (സഭാഭരണഘടന 98) മൂന്നുവർഷത്തേക്ക് ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാബാവാ

# Draft Proposal

## for a Protocol between the Syriac Orthodox Church of Antioch (SOCA) and the Malankara Orthodox Syrian Church (MOSC)

**Introduction**

THE MALANKARA ORTHODOX SYRIAN CHURCH was founded in AD 52 by St Thomas, one of the twelve Apostles of Jesus Christ. At least from the fourth Century, the Church accepted Catholicos of Seleucia - Ctesiphon (Patriarch of Babylon) as the Spiritual Head. At least from the 17th Century, the Church followed the West Syriac Liturgy and gradually the Patriarch of Antioch was accepted as the Spiritual Head. In these periods East & West Syriac Bishops were present in Malankara. But the local Archdeacons (upto 1653), Mar Thoma Methrans (1653 - 1815), Malankara Metropolitans (1815 - 1934) spiritually and temporally administered the Church.

The Catholicate of the East was established in 1912. After adopting the Constitution in 1934, the Catholicos of the East cum Malankara Metropolitan is



administering the Church spiritually and temporally. In 1975, the name "Marthoma", the traditional title of Malankara Metropolitan was reinstated in the name of Catholicos of the East.

Udayamperoor Synod (AD 1599) and Coonan Cross Oath (AD 1653) are the major events in the history of Christianity in India. Under the Portuguese political power during this period helped the intervention of Rome in the affairs of the Malankara Church and in certain instances it resulted in a literal subjugation of the Church at least in certain areas and parishes by the Roman Pope. It was however not unanimously accepted by the Malankara Church.

Mar Gregorios Abded Jaleel, Syriac Metropolitan of Jerusalem, sent by Patriarch of Antioch arrived Malankara in AD 1665. The two Churches (Antioch & Malankara) were linked by very intimate relations since then as both are

---

➡ പൗരസ്ത്യ കാതോലിക്കായുടേയും, ശ്രേഷ്ഠനിയുക്ത പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത മലങ്കര മെത്രാപ്പോലീത്തായുടെയും ചുമതലകൾ വഹിക്കണം. പരിശുദ്ധ ബസേലിയോസ് ദിദിമോസ് ദ്വിതീയൻ എന്നും മാർത്തോമ്മാ പൗലോസ് മലങ്കരമെത്രാപ്പോലീത്താ എന്നും ഇവരുടെ പേരുകൾ മാറ്റണം. മൂന്നു വർഷത്തിനുശേഷം ശ്രേഷ്ഠ തോമസ് പ്രഥമൻ(പരിശുദ്ധ ദിദിമോസ് ദ്വിതീയൻ) സ്ഥാനം ഒഴിയുകയും മാർത്തോമ്മാ പൗലോസ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ (തൃതീയൻ?) എന്ന പേരിൽ പൗരസ്ത്യ കാതോലിക്കാ സ്ഥാനം കൂടി ഏറ്റെടുക്കുകയും വേണം. പരിശുദ്ധ അന്ത്യോഖ്യ പാത്രിയർക്കീസ് ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ സ്ഥാനാരോഹണ ശുശ്രൂഷ നിർവ്വഹിക്കണം.

c) ഓർത്തഡോക്സ് വിഭാഗത്തിനു കൂടി സ്വീകാര്യനായ അൻപതുവയസ്സിനടുത്തു പ്രായമുള്ള ഒരു നിയുക്തകാതോലിക്കായെ യാക്കോബായ വിഭാഗം തെരഞ്ഞെടുക്കണം. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത കാതോലിക്ക ആകുമ്പോൾ ഇദ്ദേഹം യോജിച്ച സഭയുടെ നിയുക്തകാതോലിക്ക ആകണം.

9. അന്ത്യോഖ്യൻ സഭയും മലങ്കരസഭയും തമ്മിലുള്ള ബന്ധം സുദൃഢവും വ്യവസ്ഥാപിതവും ആകുന്നതിന് കോപ്റ്റിക് -എത്യോപ്യൻ, കോപ്റ്റിക്- എറിത്രിയൻ മാതൃകകളിൽ ഒരു പ്രോട്ടോക്കോൾ തയ്യാറാക്കേണ്ടതാണ്.

10. ക്രൈസ്തവ മൂല്യങ്ങൾ, കാനോനുകൾ, സഭാഭരണഘടന എന്നിവയുടെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിച്ച് ഐക്യത്തിലേക്ക് എത്തിക്കുന്നതിന് ഇരുഭാഗത്തുനിന്നും ആത്മാർത്ഥതയും സമർപ്പണമനോഭാവവും ജ്ഞാനവും ഉള്ള വ്യക്തികളടങ്ങുന്ന കമ്മറ്റി രൂപീകരിക്കണം. മറ്റേതെങ്കിലും ഓറിയന്റൽ ഓർത്തഡോക്സ് സഭയിൽ നിന്നുള്ള പ്രതിനിധികളെ നിരീക്ഷകരാക്കുന്നതും അഭികാമ്യമാണ്.

11. ഇരുകക്ഷികളും ഐക്യത്തിലെത്തുന്ന മുറയ്ക്ക് പള്ളികളുടേയും ഇടവകകളുടേയും ഉടമസ്ഥാവകാശത്തെ സംബന്ധിച്ച് കക്ഷികൾ തമ്മിലുള്ള വ്യവഹാരങ്ങൾ പിൻവലിക്കേണ്ടതാണ്.

■

Orthodox Churches in the West Syriac (Antiochian) liturgical traditions and practices.

HH Mar Ignatius Pathros III (IV), Patriarch of Antioch visited Malankara during 1875 - 1877. He convened a Synod at Mulanthuruthy, consecrated Holy Mooron, consecrated six Bishops and divided the Church into seven Dioceses for administrative purposes.

Two rival Patriarchs of Antioch viz., HH Mar Ignatius Abdalla II and HH Mar Ignatius Abded Masiha II visited Malankara during 1909 - 1913. Abdalla II excommunicated Malankara Metropolitan Vattasseril Geevarghese Mar Dionysius VI in 1911. Abded Mesiha II declared the excommunication invalid and reinstated Mar Dionysius VI. Unfortunately, the Church was split into two factions, viz., the Bava group (later Patriarchal Party) and the Methran group (later Catholicos Party). On 15th September 1912, HH Mar Ignatius Abded Masiha II installed HH Mar Baselius Paulos I as the first Catholicos of the East in Malankara. Excommunication on Mar Dionysius VI was withdrawn by Patriarch HH Mar Ignatius Elias III in 1931. Church Constitution was adopted on 26th December 1934.

Litigation started in 1913 ended in a Supreme Court Verdict in 1958. On 16th December 1958, the two factions united and became one Church. Patriarch and Catholicos accepted each other and 1934 Constitution was adopted in the unified Church. HH Patriarch Mar Ignatius Yacob III was invited by the Holy Synod of Malankra Church as the Chief Celebrant for the installation of HH Mar Baselius Augen I as the fourth Catholicos of the East in Malankara on 22nd May 1964.

1960s can be considered as the Golden Age of the Church. The unified Malankara Church honoured the HH Patriarch of Antioch with the Primacy of Honour as the First among Equals and gave him all the privileges mentioned in the Constitution of 1934 (Articles 1, 101, 114, 118).

Both Antioch & Malankara Churches participated in the



Oriental Orthodox Heads of Churches Conference held at Addis Ababa, Ethiopia in 1965, as two independent, interdependent and autocephalous Churches. Both Churches are members of WCC in this status. The Catholicos ordained three bishops (1966) and consecrated Holy Mooron (1967) during this period. The honorofic titles “His Holiness” & “Moran” were used for the Catholicos.

Conflicts started in 1970 and the Church again split into two factions viz., Orthodox and Jacobite in 1975. HH Patriarch Mar Ignatius Yacob III consecrated a subordinate Catholicos for the Jacobite faction.

After the Supreme Court verdict of 1995, negotiations started for reconciliation, but without success. In 2002, HH Patriarch Mar Ignatius Zakka I consecrated a new Catholicos (Maphrian) for the Jacobite faction renamed as the Jacobite Syrian Christian Church.

To attain peace, reconciliation and unity which is now a dream of the major portion of the faithful in both factions of the Church, this protocol was prepared and approved by the two Holy Synods of the Syriac Orthodox Church of Antioch (SOCA) and the Malankara Orthodox Syrian Church (MOSC).

**Protocol between the Syriac Orthodox Church of Antioch (SOCA) and the Malankara Orthodox Syrian Church (MOSC)**

1. For the sake of recognition of the hierarchical succession of the Malankara Orthodox Syrian Church (MOSC), and in accordance with this protocol, the Syriac Orthodox Church of Antioch (SOCA) recognizes the autocephally (independence) of the MOSC.

2. His Holiness, the Patriarch of Antioch and all the East, being the successor of St. Peter the Apostle, has the first position of honor, in accordance with the Church traditions, and the resolutions of the canonical ecumenical councils confessed by the two Churches and also due to the historical links between the two Churches, in a manner that does not belittle the independent status of the MOSC. (MOSC Constitution Articles 1, 2).

3. The SOCA belongs to the SEE of SAINT PETER and MOSC belongs to the SEE of SAINT THOMAS and confess one Orthodox Doctrine, in mutual Communion and each of them having its own independence.

4. In order to manifest and affirm the spiritual relations between the two Churches, HH the Patriarch of Antioch and HH the Catholicos of the East should be mentioned in all the Holy Qurbanas. The name of the Patriarch of Antioch to be mentioned first.

5. Each Church has her own Holy Synod to care for her affairs.

6. To assure the oneness in the Apostolic Orthodox faith and Tradition, a general Holy Synod of both Churches is desirable to be convened as and when the need arises.

7. Each Church has the liberty to chose its own Patriarch / Catholicos. But in order to manifest the close relations between the two Churches; the other Church will send a delegation to attend the election process as guests.

8. In any future consecration and enthronement of a Patriarch / Catholicos for either one of the two Churches, a delegation should be sent from the other Church. Patriarch / Catholicos of the other Church should be the Chief Celebrant. (Resolution 4 of the Kaphartuto Synod in AD 869 Hudaya Canon 7:1 and MOSC Constitution Article 101, 114)

9. It is desirable that both Churches invite each other to major occasions in order to strengthen mutual relations.

10. In meetings of official dialogues with other confessions, on matters of faith, which are not on the level of the Oriental Orthodox Family, each Church will invite the other Church to send at least one member of the Holy Synod to attend. The two Churches will consult each other on world wide ecumenical affairs.

11. A permanent joint committee is to be formed out of the members of the two Synods to monitor the implementation of this protocol and to promote the cooperation of the two Churches in different areas such as:

1- Exchange of visits of: Patriarchs, Catholicos, Metropolitans, Bishops, Priests, Monks, Professors, Students and Deacons should be encouraged.

2- Theological education.

3- Christian Education: Sunday schools. Youth and Family programmes.

4- Social services and Development projects.

5- Pastoral Care: Both Churches should be given the chance to extend their pastoral care to their people in a foreign country.

12. This protocol once approved by both Holy Synods and signed by the Primates of the two Churches, will make any previous agreement and/or protocol between the two Churches null and void.

13. The text of this protocol, being approved by both Holy Synods and signed by the Primates of the two Churches, has come into effect and should be publicized and circulated to all the dioceses and parishes of both Churches as well to the Heads of sister Churches.

14. Any addition or amendments of this protocol should be discussed and approved in the joint meeting of the two Holy Synods.

15. This protocol has been prepared in the Malayalam, Syriac, Arabic and English languages. If misunderstandings arise in matters of interpretation, the English version shall prevail.

The above protocol of 15 articles, together with the introduction, a total of 4 pages (in the English version), pursuant to article 13 of this protocol, it is hereby signed by the Heads of both Churches in 2010. ∎

---

Introduction prepared by
**Vipin K. Varghese**
Protocol is prepared by
**Paulson P Varkey,**
**Verghis John Thottappuzha** on the basis of Coptic - Ethiopian and Coptic - Eritrean Protocols.

# ഒറ്റവാക്കിൽ
## തകർന്നുപോയ
## മലങ്കരസഭയുടെ
# ഐക്യം

**ബ**ഹുമാനപ്പെട്ട സുപ്രീംകോടതി വിധി(1995) വന്നതിനുശേഷം മലങ്കരസഭയുടെ ഐക്യത്തിനായി ഒരു അനുരഞ്ജന സമതിയുണ്ടായി. ഇരുവിഭാഗത്തിന്റേയും പ്രതിനിധികൾ അടങ്ങിയ ഈ സമിതി ഒരു വർഷത്തോളം സജീവമായി പ്രവർത്തിക്കുകയും പലയോഗങ്ങൾ ചേർന്ന് ഐക്യത്തിനുള്ള ഫോർമുല തയ്യാറാക്കുകയും ചെയ്തു.

We accept each other according to the constitution (1934) and Supreme court judgement (1995) ഇതായിരുന്നു 1996 ൽ ഉണ്ടായ ധാരണ.

എന്നാൽ ഓർത്തഡോക്സ് വിഭാഗത്തിന്റെ നിയമോപദേശകർ ഇതിനെ ഇങ്ങനെ തിരുത്തി.

We accept each other according to the constitution approved by the Supreme court.

യാക്കോബായ വിഭാഗം ഈ ഭേദഗതി നിരാകരിച്ചതോടെ മലങ്കരസഭയുടെ ഐക്യം ഒരു സ്വപ്നം മാത്രമായി. ഇരുവിഭാഗവും ഔദ്യോഗികമായി ചുമതലപ്പെടുത്തിയതനുസരിച്ച് മേൽപ്പട്ടക്കാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവന്ന ഈ സമിതിയുടെ തീരുമാനത്തെ ചിലനിയമോപദേശകർ അട്ടിമറിച്ചത് മലങ്കരസഭയുടെ ദുര്യോഗം എന്നല്ലാതെ എന്തുപറയാൻ?

ഗ്രീക്കുഭാഷയിലെ ഒരു അക്ഷരത്തിന്റെ പേരിലാണ് കൽക്കദോന്യൻ സുന്നഹദോസിനെ (AD 451) തുടർന്ന് ആദിമ ക്രൈസ്തവ സഭയിലെ വലിയ പിളർപ്പുണ്ടായത്. എന്ന വസ്തുത ഇവിടെ സ്മരിക്കേണ്ടതുണ്ട്.

# PROTOCOL BETWEEN
## THE COPTIC ORTHODOX CHURCH (COC) AND THE ETHIOPIAN ORTHODOX TEWAHIDO CHURCH (EOTC)

**Introduction**

The two Churches are linked by very intimate relations since the early Centuries of Christianity, as both are sons of St. Mark the Apostle. Such link was realized when St. Athanasius the Apostolic, the 20th Pope of Alexandria, consecrated Fromentious in the year 329 A.D. to be the first bishop of Ethiopia, on the request of the two Ethiopian Christian kings Abraha and Atsbeha. He was given the name of Abba Salama and started his bishopric in Ethiopia in the Year 330 A.D., and is venerated as a Saint.

Through the consecration of Abba Salama, the Church of Alexandria established the bishop's seat for the Church of Ethiopia, which then became part of the SEE of SAINT MARK the APOSTLE.

The Church of Alexandria continued to consecrate and send a bishop to the seat of Ethiopia. With the expansion of the pastoral duties in Ethiopia and by the request of the Ethiopian Church, the Church of Alexandria started to consecrate several bishops for the Ethiopian dioceses besides sending the metropolitan. At the request of the EOTC, the Alexandrian Church, in appreciation of the Church's growth, enthroned Abune Basilios in 1959 as the first head of the EOTC.

Through the period from the fourth century till the middle of the twentieth century, the Church of Alexandria was considered the mother church of the EOTC. Patriarchs who had been enthroned as heirs of the throne of the SEE of SAINT MARK, from the fourth century until 1959, had been spiritual fathers of the EOTC as well.

Caring for the relations between the two Churches and the growth and continuity of the closer links, the two Churches agreed to form a joint committee to solve the current problems between them and to negotiate laying down the terms of relations between the two Churches at present and in the future.

After many initiatives and meetings, this joint committee met in Addis Ababa, Ethiopia, in February 1994 and laid down a proposed protocol which, after the final amendment of one article, was approved by the Holy Synods of both Churches in March, 1994.

The joint committee was formed of the following nine members:

The Coptic delegation:

1. H. G. Metropolitan Bishoy
2. H. G. Bishop Antonious-Marcos
3. H.G. Bishop Moussa
4. H.G. Bishop Serapion

The Ethiopian delegation:

1. H.G. Archbishop Mekarios
2. H.G. Archbishop Nathaniel
3. H.G. Archbishop Gabriel
4. H.G. Archbishop Timotheos
5. H.G. Archbishop Gerima

**Article I :** For the sake of recognition of the hierarchical succession of the EOTC, and in accordance with this protocol, the Church of Alexandria recognizes the autocephaly (independence) of the EOTC.

**Article II:** His Holiness, the Pope of Alexandria, being the successor of St. Mark the Apostle, has the first position of honour, in accordance with the Church traditions, and the resolutions of the canonical ecumenical councils confessed by the two Churches and also due to the historical links between the two Churches, in a manner that does not belittle the independent status of the EOTC.

**Article III:** The two Churches belong to the SEE of SAINT MARK and confess one Orthodox Doctrine and each of them has her own independence.

**Article IV:** In order to manifest and affirm the spiritual relations between the two Churches, H.H. the Pope of Alexandria and H.H. the Patriarch of Ethiopia should be mentioned in the liturgical prayers in the following occasions:

1- Whenever the heads of the two Churches meet

2- Whenever the head of one of the two Churches is celebrating the liturgy.

3- Whenever a bishop or a priest celebrates a liturgical prayer in the other Church, or during concelebrations .

4- Major feasts such as: Easter. Christmas, Epiphany, Holy Cross.

The name of the Alexandrian Pope

to be mentioned first in these occasions

**Article V:** Each Church has her own Holy Synod to care for her affairs. The resolutions of the two Synods should be exchanged regularly.

**Article VI:** To assure the oneness in the Apostolic Orthodox faith and Tradition, a general Holy Synod of both Churches should convene together every three years, and whenever the need arises. The place of meeting will rotate between Alexandria and Addis Ababa starting with Alexandria.

**Article VII:** Each Church has the liberty to choose its own Patriarch; the other Church should send a delegation of five members of the Holy Synod to take part in the election process, having the right to vote.

**Article VIII:** In any future consecration and enthronement of a patriarch for either one of the two Churches, a delegation should be sent from the other Church to invite her to participate. The type of participation is to be negotiated at that time.

**Article IX:** Both Churches should invite each other to participate or observe in all major occasions.

**Article X:** In meetings of official dialogues with other confessions, on matters of faith, each Church will invite the other Church to send at least one member of the Holy Synod to attend.

The two Churches will consult each other on world wide ecumenical affairs.

**Article XI:** Both Churches are committed not to depose and replace a Patriarch or a Bishop of her own in his life time, unless his deposition is decided by the Holy Synod of his Church, through a canonical procedure.

**Article XII:** A permanent joint committee is to be formed out of the members of the two Synods to monitor the implementation of this protocol and to promote the cooperation of the two Churches in different areas such as:

1- Exchange of visits of: Patriarchs. Metropolitans, Bishops, Priests, Monks, Professors, Students and Deacons should be encouraged.

2- Theological education.

3- Christian Education: Sunday schools. Youth and Family programmes.

4- Social services and Development projects.

5- Pastoral Care: Both Churches should be given the chance to extend their pastoral care to their people at each other's country.

**Article XIII:** This protocol once approved by both Holy Synods and signed by the patriarchs of the two Churches, will make any previous agreement and/or protocol between the two Churches null and void.

**Article XIV:** The text of this protocol, being approved by both Holy Synods and signed by the Patriarchs of the two Churches, has come into effect and should be publicized and circulated to all the dioceses and parishes of both Churches.

**Article XV:** This protocol has been prepared in the Amharic, Arabic and English languages. If misunder standings arise in matters of interpretation, the English version shall prevail.

The above protocol of fifteen articles, together with the introduction, a total of six pages, pursuant to article fourteen of this protocol, it is hereby signed by the heads of both Churches in April. 1994.

■

# Patriach of Antioch
## in the constitution of the Malankara Orthodox Syrian Church

1. The Malankara Church is a division of the Orthodox Syrian Church. The Primate of the Orthodox Syrian Church is the Patriarch of Antioch.

2. The Malankara Church was founded by St.Thomas the Apostle and is included in the Orthodox Syrian Church of the East and the Primate of the Orthodox Syrian Church of the East is the Catholicos.

3. The ancient and the real name of the Malankara Church is the Malankara Orthodox Syrian Church although it is also wrongly called 'The Jacobite Church', for the same reason for which the Orthodox Syrian Church has been also called so.

101. The Malankara Church shall recognize the Patriarch, canonically consecrated with the co-operation of the Catholicos.

114. ...If there be a Patriarch recognized by the Malankara Church the Patriarch shall be invited when the Catholicos shall be consecrated and if the Patriarch arrives he shall as the President of the Synod consecrate the Catholicos with the co-operation of the Synod.

118. ... If the complaint is against the Catholicos, the Patriarch if there is a Patriarch recognized by the Malankara Church, shall also be invited and in the event of his arriving he shall be the President of the Synod and if he does not arrive the Synod shall pronounce the decision...

# PROTOCOL BETWEEN
# The Coptic Orthodox Church And The Eritrian Orthodox Church

**Introduction**

The two Churches are linked by very intimate relations since the early Centuries of Christianity, as both are sons of St. Mark the Apostle. Such link was realized when St. Athanasius, the Apostolic, the 20th Pope of Alexandria, consecrated Fromentious in the year 329 A.D to be the first bishop of Eritrea and Ethiopia, on the request of the two Christian kings Abraha and Atsbeha. He was given the name of Abba Salama and started his bishopric when he arrived first in Eritrea in the Year 330A.D., and is venerated as a Saint.

Through the consecration of Abba Salama, the church of Alexandria established the bishop's seat for the church of Eritrea and Ethiopia, which then became part of the See of Saint Mark, the Apostle. The Church of Alexandria used to consecrate and send a bishop to continue the pastoral responsibilities of Abba Salama.

On the 24 May 1991, Eritrea became an independent country. The Eritrian church expanded and now has about 1,700,000 members (One million and seven hundred thousands), 1500 churches, 22 monasteries and 15,000 priests.

On July 1993, H.E. Isaias Afeworki visited H.H. Pope Shenouda 111. in his office in Cairo and conveyed the wish of Eritrea, president, temporary Holy Synod of the church and the people to have an independent church for an independent country. H.H. Pope Shenouda III asked to receive an Eritrian church delegation in Cairo, representing the temporary Holy Synod, to discuss the 'Matter and the future steps, carrying an official letter. This delegation met H.H. Pope Shenouda III on 19 July 1993, and offered the official letter expressing this request.

H.H. Pope Shenouda III wrote a letter dated July 21, 1993 to H.G. Bishop Philipos, the head of the EOC and Synod expressing his acceptance to form an Eritrean Synod of bishops and subsequently to ordain a new Patriarch for the EOC, recognizing it thereby as an independent church.

On August 2, 1993, the Eritrean temporary Synod in Asmara decided to follow the advice of H.H. Pope Shenouda III expressed in his letter, and sent a letter forwarded by H.G. Bishop Philipos with a copy of the Synod signed resolutions.

On Jan 11, 1994, H.H. Pope Shenouda III received a letter from the Eritrean church informing him that five monk abbots were elected to become diocesan bishops for Eritrea.

The election was under the supervision of the vice-minister of interior affairs of Eritrea. The names of the elected abbots were stated in that letter.

The Holy Synod of the Coptic Orthodox Church in a special meeting on September 28, 1993, approved all the arrangements with the EOC .

A Coptic delegation visited Asmara carrying a letter from H.H. Pope Shenouda III dated May 24,1994 to "discuss all the preparations for the ordination of the new five bishops, the place, the date, the dioceses and the enthronement of the new patriarch of the Orthodox church of Eritrea: when and where to be ordained, and all other matters."

The delegation met the Temporary Holy Synod and discussed everything and then met with the President.

The delegation came back from Asmara with an official letter dated May 26, 1994 carrying the names of the new bishop, their dioceses, the ordination to be in St.Mark cathedral in Cairo, the ordination of the patriarch also to be in Cairo. Through negotiations, it was agreed that after the ordination of the patriarch, H.H. Pope Shenouda will come to Asmara to enthrone him.

The ordination of the new five Eritrian Orthodox Bishops took place in St. Mark Cathedral in Cairo on the feast of Pentecost, 1994 by H.H. Pope Shenouda III and the Coptic Holy synod in a great celebration attended by thousands of Coptic people and visitors.

Abouna Philipos attended and participated in their ordination, and an Eritrean delegation, clergy and lay people were present. The five bishops were enthroned afterwards in their dioceses in Eritrea by the Eritrian Orthodox Church.

On April 15, 1998, H.H. Pope Shenouda III sent H. E. Metro politan Bishoy of Damiette to Asmara according to the request of the EOC to attend the chosing of the Patriarch. Abouna Philippos was chosen unanimously as the only candidate by the Eritrian bishops.

On the feast of St. Mark, May 8, 1998 Abouna Philipos was ordained as the first patriarch of EOC by Pope Shenouda III, along with the Coptic and Eritrean Metropolitans and bishops in a huge festival in the Cathedral of St. Mark in Cairo, attended by thousands of clergy and lay people from both COC and EOC.

H.H. Pope Shenouda III together with H.H. Patriarch Philipos I and a Coptic Delegation will be going, God wills, to Asmara in order to enthrone the first Patriarch of Eritrea on his seat in a joyful and huge festival in Asmara Cathedral, to be attended by President Afeworki, Government Dignitaries, visitors and the Eritrian people.

This protocol was prepared and approved by the two Holy Synods of COC & EOC.

**Article 1:** The Church of Alexandria recognizes the autocephally (independence) of the EOC

**Article 2:** His Holiness, the Pope of Alexandria, being the successor of St. Mark the Apostle, has the first position of honor, in accordance with the Church traditions and the resolutions of the canonical ecumenical councils confessed by the two Churches and also due to the historical links between the two Churches, in a manner that does not belittle the independent status of the EOC.

**Article 3:** The two Churches belong to the SEE of SAINT MARK and confess one Orthodox Doctrine.

**Article 4:** In order to manifest and affirm the spiritual relations between the two Churches, H.H. the Pope of Alexandria and H.H. the Patriarch of Eritrea should be mentioned in all the liturgical prayers The name of the Pope of Alexandria to be mentioned first.

**Article 5:** Each Church has her own Holy Synod to care for her affairs. The resolutions of the two Synods should be exchanged regularly.

**Article 6:** To assure the unity in the Apostolic Orthodox faith and Tradition, a general Holy Synod of both churches should convene together every three years, and whenever the need arises.

**Article 7:** Each Church has the liberty to chose its own Patriarch. But in order to manifest the tight relations between the two Churches; the other Church will send a delegation of ten members of the church: two diocesan Bishops, two abbots of monasteries, and six other persons representing other categories of church members in order to attend the election process as guests.

**Article 8:** In any future consecration and enthronement of a Patriarch for either one of the two Churches, a delegation should be sent from the other Church to invite her to participate. The type of participation is to be negotiated at that time.

**Article 9:** Both Churches should invite each other to participate or observe in all major occasions.

**Article 10:** In meetings of theological dialogues with other confessions, on matters of faith, which are not on the level of the Oriental Orthodox Family, the two Churches will from a common delegation

**Article 11:** Both Churches are committed not to depose and replace a Patriarch or a Bishop of her own in his life time, unless his deposition is decided by the Holy Synod of his Church, through a canonical procedure.

**Article 12:** A permanent joint committee is to be formed out of the members of the two Synods from the cooperation of the two Churches in different areas such as:

(a) Exchange of visits of-. Patriarchs, Metropolitans, Bishops, Abbots Priests, Monks, Deacons, Professors, Students. and should be encouraged.(b) Cooperation in Theological education.(c) Christian Education: Sunday schools, Youth and family programs. (d) Social services and development projects(e) Pastoral Care: Both Churches should be given the chance to extend their pastoral care to their people at each other’s country.

**Article 13:** The text of this protocol, being approved by both Holy Synods and signed by the Patriarchs of the two Churches, has come into effect and should be publicized and circulated to all the dioceses and parishes of both Churches

**Article 14:** Any addition or amendments of this protocol should be discussed and approved in the joint meeting of the two Holy Synods.

**Article 15:** This protocol has been prepared in the Tigrigna, Arabic and English languages. If misunderstandings arise in matters of interpretation, the English version shall prevail.

The above protocol of fifteen articles, together with the introduction, a total of six pages (in the English version), pursuant to article thirteen of this protocol, it is hereby signed by the heads of both Churches in May 1998.